അന്ത്യോക്യായിൽ എന്തുണ്ടു്?

തോമ്മാ മാർ ഡിയസ്ക്കോറോസിന്റെ
രണ്ടാം ചരമ വാർഷികം പ്രമാണിച്ച്
തിരുവല്ലാ—തിരുമൂലപുരത്തു വച്ച
നടത്തിയ പ്രസംഗ മഹായോഗത്തിൽ
പറഞ്ഞ പ്രസംഗം.

൨൦—൨—൧൧൨൪.

വെരി. റവ. ഫാദർ പ്ലാസിഡ്, ററി. ഒ. സി. ഡി.,
പിഎച്ച്. ഡി., ഡി. ഡി., ഡി. സി. എൽ.

വില ചക്രം ൨¼

Nihil Obstat

Rev. Fr. Celestin T. O. C. D.
Rev. Fr. Reginald T. O. C. D.

Chettipuzhay,
20—3—1945.

Imprimi Protest

V. Rev. Fr. John of Jesus Mary T. O. C. D.
Prior General.

Ernakulam,
27—3—1945.

Imprimatur

✠ MAR SEVERIOS,
Ad. Apostolic.

Tiruvalla,
11—4—'41.

അന്ത്യോക്യായിൽ എന്തുണ്ട്?

പ്രാരംഭം.

ഇന്നത്തെപ്പോലെ മതപ്രസംഗയോഗങ്ങൾ നടന്നിട്ടുള്ള ഒരു കാലം കേരളത്തിൽ ഇതിനു മുമ്പുണ്ടായിട്ടില്ല. ക്രിസ്തീയ വകുപ്പുകാരെല്ലാവരും തന്നെ ഇന്നു മതപ്രസംഗയോഗങ്ങൾ നടത്തിവരുന്നു. ഇപ്രകാരമുള്ള യോഗങ്ങളുടെ ഉദ്ദേശ്യം ഏററം നിർമ്മലമായിരിയ്ക്കണമെന്നു പ്രത്യേകം പറയേണ്ടതായിട്ടില്ല. നമുക്കുവേണ്ടി രക്തം ചൊരിഞ്ഞു മരണം കൈവരിച്ച മശീഹായിലേക്ക് എല്ലാവരേയും ആനയിയ്ക്കുക എന്നതായിരിയ്ക്കണം പരിപാവനമായ ഈ ഉദ്ദേശ്യം. ഗോഗുൽത്തോയിൽ മശിഹാ ചൊരിഞ്ഞ രക്തത്തിൻെറ ഫലം എല്ലാവരും അനുഭവിയ്ക്കുവാൻ ഇന്നത്തെ നമ്മുടെ ഈ പരിശ്രമം ഇടവരുത്തട്ടെ.

മാത്തോമ്മാ ദിയസ്ക്കോറോസു തിരുമനസ്സിലെ ചരമവാർഷികം പ്രമാണിച്ചാണല്ലോ ഈ പ്രസംഗയോഗം ഇവിടെ നടത്തപ്പെട്ടുന്നതു്. യാക്കോബായ സഭയെ പരിത്യജിച്ചു് അടുത്തകാലത്തു് കത്തോലിയ്ക്കാസഭയിൽ പ്രവേശിച്ച നാലു മേല്പട്ടക്കാരിൽ ഒരാളണു് മാത്തോമ്മാ ദിയസ്ക്കോറോസു്. സ്വന്തം നിലയെപ്പററി യുക്തിപൂർവ്വം ചിന്തിയ്ക്കുന്ന സത്യാന്വേഷിയായ ഒരു യാക്കോബായക്കാരൻ ഈ മേല്പട്ടക്കാരുടെ പുനരൈക്യത്തിൽ എതിരഭിപ്രായം പുറപ്പെടുവിക്കയില്ല. എന്തുകൊണ്ടെന്നാൽ, യാക്കോബായസഭയുടെ കൈവശമുള്ള രേഖകളും പ്രമാണങ്ങളും പ്രസ്തുത പുനരൈക്യത്തെ സഹായിയ്ക്കുന്നവയാണു്. ഈ വസ്തുത വെളിപ്പെടുത്തണമെന്നത്രേ ഈ പ്രസംഗത്തിൻെറ ഉദ്ദേശ്യം. ഇതിലേയ്ക്കു യാക്കോബായ സഭ സ്വീകരിയ്ക്കുന്നവയോ, സ്വീകരിയ്ക്കേണ്ടവയോ ആയ ഏതാനും രേഖകളേയും പ്രമാണങ്ങളേയും മാത്രം ആധാരമാക്കി സംസാരിയ്ക്കണമെന്നു കരുതുന്നു.

സഭയും വിശ്വാസവും

ക്രിസ്തീയ സഭ ഏകമായിരിയ്ക്കണമെന്നുള്ള ധാരണ മിക്ക ക്രിസ്ത്യാനികൾക്കുമുണ്ടു്. വാസ്തവത്തിൽ മിശിഹാ ഒരു സഭ മാത്രമേ സ്ഥാപിച്ചിട്ടുള്ളു. ഓരോ കാലത്തു ഓരോ കാരണം നിമിത്തം ക്രിസ്ത്യാനികളുടെയിടയിലുണ്ടായ ഭിന്നതകൾ ഒന്നിലധികം ക്രിസ്തീയ സമുദായങ്ങളുണ്ടാകുവാൻ കാരണം നൽകി. ഭിന്നതകളെല്ലാം അവസാനിപ്പിച്ചു് ഏകസഭയുടെ അംഗങ്ങളാകുവാൻ എല്ലാവരും യഥാശക്തി പ്രയത്നിയ്ക്കേണ്ടിയിരിക്കുന്നു.

തന്നിൽ വിശ്വസിയ്ക്കുന്നവരെല്ലാവരും അഥവാ, താൻ പഠിപ്പി

ച്ചവ വിശ്വസിയ്ക്കുന്നവരെല്ലാവരും ഒന്നായിരിയ്ക്കണമെന്നു് മിശിഹാ പിതാവിനോടു പ്രാൎത്ഥിച്ചു. വിഭിന്നങ്ങളായ സിദ്ധാന്തങ്ങൾ വിശ്വസിയ്ക്കുന്നവരെല്ലാവരും മ്ശീഹായിൽ വിശ്വസിയ്ക്കുന്നവരാണെന്നു എങ്ങനെ പറയും? അന്യോന്യം വിരുദ്ധങ്ങളായ സിദ്ധാന്തങ്ങളെ മ്ശിഹാ പഠിപ്പിച്ചില്ല. ആകയാൽ, ക്രിസ്ത്യാനികളെല്ലാവരും ഒരേ ഒരു വിശ്വാസം ഉള്ളവരാകണമെന്നു സിദ്ധക്കുന്നു. ആ വിശ്വാസം എല്ലാവരെയും പഠിപ്പിയ്ക്കുവാൻ മ്ശിഹാ ശ്ലീഹന്മാരോടു ആജ്ഞാപിച്ചു. അവർ അങ്ങനെ ചെയ്തു. ആ വിശ്വാസത്തിനു വിരുദ്ധമായി സ്വൎഗ്ഗത്തിൽനിന്നു ഒരു ദൂതൻ തന്നെ വന്നു പ്രസംഗിച്ചാലും ആ ദൂതൻ ശപിക്കപ്പെട്ടവനാകുന്നു എന്നു വി. പൌലോസ് ഉൽഘോഷിയ്ക്കുന്നു.

"പൌലുസ്ശ്ലീഹാ ധന്യൻചൊൽകേട്ടേനിതേവം. ::
നിങ്ങളെഞങ്ങളറിയിച്ചതൊഴിച്ചിങ്ങൊരുവൻവന്നറിയിച്ചാൽ
വാനവനെങ്കിലുമാദ്ദൂതൻ–താനേൽക്കും സഭയിൻശാപം"

എന്നല്ലയോ യാക്കോബായ സഹോദരങ്ങൾ കൎബ്ബാനസമയത്തു ഉച്ചസ്വരത്തിൽ വിളിച്ചുപാടുന്നതു്?

പാഷണ്ഡോപദേശം ചെയ്യുന്നവൻ "താനേൽക്കും സഭയിൻശാപം" എന്നത്രേ ഇവിടെ കാണുന്നതു്. അതെ, സത്യവിശ്വാസം പഠിപ്പിയ്ക്കുവാൻ മ്ശിഹാ സഭയെ സ്ഥാപിച്ചു. പാഷണ്ഡോപദേഷ്ടാക്കളെ സഭ ശപിയ്ക്കുന്നു. സഭയാകട്ടെ തലവനില്ലാത്ത ഒരു സ്ഥാപനമല്ല.

സാക്ഷാൽ തലവൻ.

വി. പത്രോസിനു മററു ശ്ലീഹന്മാരുടെമേലും സഭ മുഴുവനിലും അധികാരം നൽകപ്പെട്ടു എന്നു നിസ്തക്കം തെളിയിക്കുന്ന നിരവധി രേഖകൾ യാക്കോബായ സഭയുടെ കൈവശം ഇന്നും കാണപ്പെട്ടുന്നുണ്ടു്. ഈ അധികാരത്തെയാണു് "പരമാധികാരം" എന്നു കത്തോലിയ്ക്കർ വിളിയ്ക്കുന്നതു്.

"സഭ പറയുന്നു; ഞാൻ ശീമോൻകീഫോമേൽ പണിയപ്പെട്ടിരിയ്ക്കുന്നു."

"സഭയെ നിൻെറ അടിസ്ഥാനത്തിൽ ശീമോൻ കൊന്നു് എറിയപ്പെട്ടിരിക്കുന്നു."

ܐܡܪܐ ܥܕܬܐ ܕܥܠ
ܫܡܥܘܢ ܟܐܦܐ ܒܢܝܐ ܐܢܐ.
ܒܫܬܐܣܝܟ ܥܕܬܐ
ܫܡܥܘܢ ܫܬܐܣ ܠܗ ܗܘܐ

പത്രോസിൻെറ പരമാധികാരത്തെ ഈവിധത്തിൽ പ്രകീൎത്തിയ്ക്കുന്ന രേഖകൾ കൈവശം വച്ചുകൊണ്ടു് സമാധികാരികളായ ശ്ലീ

ഹന്മാരിലത്രെ സഭ സ്ഥാപിയ്ക്കപ്പെട്ടതെന്നു എങ്ങനെ ഒരു യാക്കോബായക്കാരൻ ശഠിയ്ക്കും? പത്രോസിന്റെ പരമാധികാരം സജീവമായി പ്രവർത്തിച്ചതിനെ സൂചിപ്പിച്ചുകൊണ്ട്

"സത്യവിശ്വാസം പ്രസംഗിച്ച മെത്രാന്മാർ ശിമോന്റെശബ്ദത്തിൽ തെറ്റുകൂടാതെ അതു പഠിപ്പിച്ചു."
ശ്ഹീമ്മ നമസ്കാരം വ്യാഴാഴ്ച രാത്രി

ܐܦܝ̈ܣܩܘܦܐ ܗܘܘ ܠܟ
ܕܐܟܪܙܘ ܗܝܡܢܘܬܐ
ܒܩ̈ܠܗ ܕܫܡܥܘܢ
ܠܐܠܦܘܗ̇ ܕܠܐ ܦܘܕܢܐ

എന്നു് യാക്കോബായ സഭ പാടിവരുന്നു.

"ശ്ലീഹന്മാരുടെ തലവൻ (റിശോ) ആയ ശിമോന്റെ ഇടമായ കീഫാമേൽ പണിയപ്പെട്ടിരിയ്ക്കുന്നതുകൊണ്ടു് എനിക്കു ഭയമില്ല എന്നു സഭ പറയുന്നു. ഓളങ്ങളും തിരമാലകളും എന്റെ മേൽ വന്നടിച്ചു. എന്നാൽ അവ എന്നെ ഇളക്കിയില്ല. ശപിയ്ക്കപ്പെട്ടവനായ നെസ്തോർ എന്നോടു യുദ്ധംചെയ്തു. എന്നാൽ അവൻ അധഃപതിച്ചു പോയി."
(ശ്ഹീമ്മ ശനിയാഴ്ച പ്രഭാതനമസ്കാരം)

ܥܠ ܗܝ ܟܐܦܐ ܕܒܢܝܐ
ܫܡܥܘܢ ܪܫܐ ܕܫ̈ܠܝܚܐ
ܒܢܝܐ ܐܢܐ ܘܠܐ ܕܚܠܐ ܐܢܐ
ܕܓܠ̈ܠܐ ܥܠܝ ܘܐܡܘܐ. ܘܠܐ
ܒܟ̈ܠܗܘܢ ܡܚܫ̈ܘܠܬܐ ܘܠܐ
ܐܙܝܥܘܢܝ ܘܩܪܒ ܥܡ
ܢܣܛܘܪ ܠܝܛܐ ܘܗܘܐ
ܡܬܡܟܟ.

ഇതും യാക്കോബായസഭയുടെ ഔദ്യോഗിക സാക്ഷ്യം തന്നെ. സഭ പത്രോസിന്റെമേൽ പണിയപ്പെട്ടിരിയ്ക്കുന്നു; പത്രോസാണു് ശ്ലീഹന്മാരുടെ റീശ്ശ് അഥവാ തലവൻ; പത്രോസുനിമിത്തം പാഷണ്ഡത സഭയ്ക്കെതിരായി പ്രാബല്യപ്പെട്ടില്ല; പത്രോസിന്റെ ശബ്ദത്താൽ മെത്രന്മാർ സത്യവിശ്വാസം തെറ്റുകൂടാതെ പഠിപ്പിച്ചു എന്നിങ്ങനെയെല്ലാം യാക്കോബായസഭ ഔദ്യോഗികമായി പ്രഖ്യാപനം ചെയ്യുമ്പോൾ പത്രോസിനു പരമാധികാരമില്ലായിരുന്നു എന്നു ചില യാക്കോബായക്കാർ പ്രസ്താവിയ്ക്കുന്നതെങ്ങിനെയെന്നു മനസ്സിലാകുന്നില്ല. റീശ്ശ് (തലവൻ) എന്ന പദം അധികാരസൂചകമല്ലെന്നുപോലും ഇവർ വാദിയ്ക്കാറുണ്ടു്.

പണ്ഡിതനായ മോശെ ബർ കിഫോ എന്ന യാക്കോബായമെത്രാൻ പറയുന്നതു കേട്ടാലും:—

ܬܠܡܝ̈ܕܐ ܟܠܗܘܢ
ܫܠܝ̈ܚܐ ܗܘܘ
ܘܟܠܗܘܢ ܡܢ ܡܫܝܚܐ
ܐܝܕܐ ܣܡ ܩܒܠܘ
ܘܟܠܗܘܢ ܐܦܝܣ̈ܩܘܦܐ
ܥܒܝܕܝܢ ܗܘܘ ܡܛܠ
ܡܛܟܣܘܬܐ ܕܐܬܬܣܝܡ
ܪܝܫ ܟܗܢܘܬܐ.

"ശിഷ്യന്മാരെല്ലാവരും ശ്ലീഹന്മാരായിരുന്നു. എല്ലാവരും നമ്മുടെ രക്ഷകനിൽ നിന്നു കൈവയ്പ് സ്വീകരിച്ചു. എല്ലാവരുംമെത്രാന്മാരാക്കപ്പെട്ടു. എന്നാൽ ക്രമപ്പെടുത്തലിനു (ഭരണത്തിനു–മ്ത്തക്ക്സൂസോ) വേണ്ടി ശീമോൻ റിശ്ശ് ആക്കപ്പെട്ടു."

ܡܢܝ ܠܟ ܦܛܪܘܣ
ܠܚܘܕܘܗܝ ܐܡܪ ܐܙܠ
ܘܫܪܪ ܐܚܝ̈ܟ ܕܐܝܬܝܟ ܘ
ܟܐܦܐ ܘܟܠܗܘܢ ܫܪܟܐ
ܕܫܘ̈ܝܐ ܗܘܘ ܐܦܢ
ܗܘܘ ܠܟܠܗܘܢ ܪܝܫܐ.

"'നീ പോയി നിന്റെ സഹോദരന്മാരെ ഉറപ്പിയ്ക്കുക എന്തുകൊണ്ടെന്നാൽ നീ പാറയാകുന്നു.' എന്നു നമ്മുടെ കർത്താവ് പത്രോസിനോടു മാത്രമേ അരുളിച്ചെയ്തിട്ടുള്ളൂ. അവന്റെ കൂട്ടുകാർ എല്ലാവരും ഇടയന്മാരായിരുന്നെങ്കിലും ഈ (വാക്കുകളാൽ) അവിടുന്ന് അവനെ അവരുടെ റീശാ ആക്കി"

(പൌരോഹിത്യത്തെക്കുറിച്ചുള്ള പ്രബന്ധം. വ്യവഹാരം 4, അ. 6—
Codex di Prop. sharfian p. 124.)

എട്ടാം നൂററാണ്ടിൽ യാക്കോബായസഭയെ ഭരിച്ചിരുന്ന ഗീവറുഗീസുപാത്രിയർക്കീസ് പറയുന്നു:—

ܕܐܡܪ ܠܗ ܕܐܬܦܢܝ
ܘܫܪܪ ܐܚܝܟ ܗ̄ ܕܐܦ ܒܬܪ
ܗܘ ܐܬܒ ܠܗ ܒܠܚܘܕ
ܐܒܝܠܐ ܡܒܬܪ ܐܠܐ ܐܦ
ܡܠܦܢܐ ܘܪܝܫܐ
ܕܐܚ̈ܘܗܝ ܗܘܐ ܘܠܐ
ܠܡܫܪܐ ܕܒܢܝܢܫܐ ܗܘܐ
ܡܠܦܢܐ ܐܠܐ ܐܦ
ܠܗܘܢ ܠܡܠܦܢ̈ܐ
ܘܡܠܦܢܐ ܕܒܢ̈ܝܢܫܐ
ܗܘܐ ܡܫܪܪܢܐ.

–"നീ മാനസാന്തരപ്പെട്ട് നിന്റെ സഹോദരന്മാരെ ഉറപ്പിയ്ക്കുക എന്നു അവനോടു പറയപ്പെട്ടു. അതായതു്, മാനസാന്തരപ്പെട്ടശേഷം അനുതാപിയായി ജീവിച്ചാൽ മാത്രം പോരാ, പ്രത്യുത, അവൻ തന്റെ കൂട്ടുകാരുടെകൂടിയും ഉപദേഷ്ടാവും റീശായും ആകണം, മററു മനുഷ്യരുടെമാത്രംഉപദേഷ്ടാവായാൽ പോരാ, പ്രത്യുത, മനുഷ്യരെ പഠിപ്പിച്ചുപദേശിയ്ക്കുന്നവരെ കൂടിയും ഉറപ്പിയ്ക്കുന്നവനാകണം"

(ലൂക്കോസ് 22/32നെപ്പററിയുള്ള വ്യാഖ്യാനം.
Codex Vat. Syr. 154 p. 224)

യോഹന്നാൻ ബർ വാറബൂൻ എന്ന യാക്കോബായ പാത്രിയക്കീസിന്റെ സാക്ഷ്യം, (12–ാം ശതാബ്ദം):––

ܦܓܥ ܕܪ̈ܐ
ܘܐܦ ܒܩܢܘܢܐ
ܘܡܘܗܒ̇ܬ ܠܗ ܚܕܐ
ܕܦܛܪܝܪܟܐ ܘܡܝܛܪܦܘܠܝܛܐ
ܕܫܡܥܘܢ ܘܫܠܝܚ̈ܐ ܚܒ̈
ܐܝܟ ܚܕܐ ܕܫܩܠܘ

"കൈവപ്പിലും, റൂഹായുടെ വിളിയിലും, ദാനത്തിലും പാത്രിയക്കീസും, മെത്രാനും, മെത്രാപ്പോലീത്തായും ഒന്നുപോലെയാണ്. ശീമോനും അവന്റെ കൂട്ടുകാരായ ശ്ലീഹന്മാരും പരിശുദ്ധാത്മാവിന്റെ ദാനം സ്വീകരിച്ച് ഒന്നുപോലെ പു

ܘܡܫܝ̈ܚܐ ܩܪ̈ܘܬܗ
ܡܬܬܪܝܡ ܥܒܕܘ
ܠܡܕܒܪܢܘܬܐ ܕܛܘܟܣܐ
ܕܛܘܟܣܐ ܘܐܬܒܢܝ. ܐܠܐ
ܫܡܥܘܢ ܡܬܦܪܫ ܗܘܐ
ܐܬܬܣܝܡ ܫܡܥܘܢ ܪܝܫܐ
ܠܚܒܪ̈ܘܗܝ.

രോഹിതന്മാരാക്കപ്പെട്ടതുപോലെ തന്നെ. എന്നാൽ ക്രമപ്പെട്ടതലിന്ന (ഭരണത്തിന്ന = മ്ദബ്ബ്റാനുത്ത്ക്ക് സൂസോ)വേണ്ടി ശീമോൻ തന്റെ കൂട്ടുകരുടെ റീശോ ആക്കപ്പെട്ടു"

(Codex di Propaganda, Sharfian p 411)

വി. പത്രോസു ശ്ലീഹന്മാരുടെ റീശ്ശ് (അഥവാ തലവൻ) ആകുന്നു എന്നു പറയുമ്പോൾ യാക്കോബായ ആശയപ്രകാരം റീശ്ശ ശബ്ദത്തിന്റെ അർത്ഥം എന്താണെന്നു കൂടുതൽ വിശദീകരിയ്ക്കേണ്ട ആവശ്യമില്ല. "മോശ പഴയ നിയമത്തിന്റെ റീശോ ആകുന്നു" എന്നു തുടങ്ങുന്ന യാക്കോബായ ഗീതത്തിലും റീശ്ശ ശബ്ദത്തിന്റെ അർത്ഥം സ്പഷ്ടമാണ്. ആ ഗീതം:—

ܡܘܫܐ ܪܝܫܐ
ܕܥܬܝܩܬܐ ܘܫܡܥܘܢ
ܕܚܕܬܐ. ܬܪ̈ܝܗܘܢ ܕܡܝܢ
ܠܚܕ̈ܐ ܘܐܠܗܐ ܒܗܘܢ
ܥܡܪ. ܡܘܫܐ ܐܚܬ ܠܘܚ̈ܐ
ܕܢܡܘܣܐ ܫܡܥܘܢ
ܩܒܠ ܩܠܝ̈ܕܐ
ܕܡܠܟܘܬܐ. ܡܘܫܐ ܥܒܕ

"മോശ പഴയനിയമത്തിന്റെ റീശോ ആകുന്നു. ശീമോൻ പുതിയതിന്റെയും (റീശൊ ആകുന്നു). രണ്ടുപേരും പരസ്പര സാമ്യമുള്ളവരാണ്. ദൈവം അവരിൽ വസിയ്ക്കുകയും ചെയ്തു. മോശ പ്രമാണപ്പലകകൾ ഇറക്കികൊണ്ടുവന്നു. ശീമോൻ രാജ്യത്തിന്റെ താക്കോലുകൾ സ്വീകരിച്ചു. മോശ താൽക്കാലിക കൂടാരം പണിതു. ശീമോൻ സഭയെ പണിതു"

ܫܡܥܘܢ ܟܐܦܐ ܘܫܠܝܚܘܬܗ
ܪ̈ܝܫܐ ܟܦܐ.

സ്ലീഹന്മാരുടെ തലവൻ, സഭയുടെ അടിസ്ഥാനം എന്നെല്ലാം യാക്കോബായസഭ പത്രോസിനെ വിളിയ്ക്കുന്നതു അദ്ദേഹത്തിനു യഥാർത്ഥമായ പരമാധികാരം കല്പിച്ചുകൊണ്ടാണെന്നു മേലുദ്ധരിച്ച രേഖകളെല്ലാം വ്യക്തമാക്കുന്നു.

"സ്ലീഹന്മാരുടെ തലവനായ ശിമോൻ എല്ലാ അധികാരങ്ങളെയും ഭരിച്ചു" (ܫܡܥܘܢ ܪܝܫܐ ܕܫ̈ܠܝܚܐ ܟܠ ܫܘ̈ܠܛܢܝܢ ܕܒܪ) എന്നു തുടങ്ങി പത്രോസിന്റെ പരമാധികാരത്തെ നിസംശയം ഉറപ്പിച്ചുപറയുന്ന യാക്കോബായ രേഖകളെല്ലാം ഇവിടെ ഉദ്ധരിയ്ക്കുക അസാദ്ധ്യമാണു്. അവ അത്ര അധികമുണ്ടു്. കുർബാനതക്സാ, നമസ്കാരക്രമങ്ങൾ, പള്ളിയ്ക്കു കല്ലിടുക, പള്ളി കൂദാശചെയ്യുക, പട്ടം കൊടുക്കുക മുതലായ ശുശ്രൂഷകൾ, ആണ്ടുതക്സാ എന്നിപ്രകാരമുള്ള യാക്കോബായ രേഖകൾ ഒരാവൎത്തിയെങ്കിലും അൎത്ഥം മനസ്സിലാക്കി വായിച്ചിട്ടുള്ള സത്യസന്ധന്മാർ യാക്കോബായ സഭ പത്രോസിന്റെ പരമാധികാരത്തിൽ വിശ്വസിയ്ക്കുന്നു എന്നു മാത്രമേ സാക്ഷ്യപ്പെടുത്തുകയുള്ളു. സ്രോഗിലെ മാർ യാക്കോബു്, ദിവന്നാസിയൂസു ബർസലിബി, മോശെ ബർകീഫാ, ബർ എബ്രായ ആദിയായ യാക്കോബായ വേദാന്തികളുടെ വാക്യങ്ങൾ ധാരാള മുദ്ധരിയ്ക്കുവാനുണ്ടു്. യാക്കോബായസഭയിൽ ഏററം പ്രാമാണ്യമുള്ള ബർ എബ്രായയുടെ ഒന്നു രണ്ടു വാക്യങ്ങൾകൂടി ഇവിടെ ഹാജരാക്കുന്നു. അദ്ദേഹം പറയുന്നു:—

"നീ കീഫോ ആണു്. നിന്റെ മേൽ എന്റെ സഭ ഞാൻ പണിയും. നിനക്കു ഞാൻ സ്വൎഗ്ഗത്തിന്റെ താക്കോലുകൾ നൽകും. എന്നു പത്രോസിനോടു പറയപ്പെട്ടതു അവർ മറന്നുപോയെന്നു തോന്നുന്നു"

ܕܐܢܬ ܟܐܦܐ ܘܥܠܝܟ
ܕܥܠ ܦܛܪܘܣ ܐܬܐܡܪ
ܕܐܠܗܘ ܠܟ ܐܬܠ ܩܠܝܕܐ
ܘܥܠܝܗ̇ ܐܒܢܝܗ̇ ܠܥܕܬܝ
ܘܠܟ ܐܬܠ ܩܠܝ̈ܕܐ
ܕܫܡܝܐ.

(Thesaurus Mysteriorum in Luc XXII. 24)

"പഴയ ആചാര്യത്വത്തിന്റെ തലസ്ഥാനം (റീശൂസ്) അവസാനിച്ചു". പത്രോസിനെ ശ്ലീഹന്മാരുടെ തലവൻ (റീശാ) ആക്കുകയും സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ അവനു നൽകുകയും ചെയ്തപ്പോൾ നമ്മുടെ രക്ഷകൻ വഴിയായി പുതിയ ആചാര്യത്വത്തിന്റെ തലസ്ഥാനം (റീശൂസ്) ആരംഭിക്കുകയും സ്ഥിരീകരിക്കപ്പെടുകയും ചെയ്തു"

ܫܠܡܬ ܪܝܫܘܬܐ
ܕܟܗܢܘܬܐ ܥܬܝܩܬܐ
ܘܫܪܝܬ ܐܫܬܪܪܬ ܪܝܫܘܬܐ
ܕܟܗܢܘܬܐ ܚܕܬܐ ܒܝܕ
ܦܪܘܩܢ ܟܕ ܐܩܝܡ
ܠܫܡܥܘܢ ܪܝܫܐ
ܕܫܠܝܚܐ ܘܠܗ ܐܫܠܡ ܠܗ̈
ܩܠܝ̈ܕܐ ܕܡܠܟܘܬܐ
ܕܫܡܝܐ

(Chronicle. Codex Vat. 166, P. 247)

സ്പഷ്ടങ്ങളായ ഇത്രയധികം രേഖകളുള്ളപ്പോൾ പത്രോസിന്റെ പരമാധികാരം നിഷേധിക്കുവാൻ ഒരു യാക്കോബായക്കാരൻ എങ്ങിനെ മുതിരും? "പത്രോസിന്റെ വിശ്വാസത്തിന്മേൽ സഭ പണിയപ്പെട്ടിരിക്കുന്നു", "വിശ്വാസമെന്ന പാറമേൽ സഭ പണിയപ്പെട്ടിരിക്കുന്നു" (ܥܠ ܟܐܦܐ ܕܗܝܡܢܘܬܐ) എന്നും മററുമുള്ള ചില വാക്യശകലങ്ങളാണ് പരമാധികാരം നിഷേധിക്കുവാൻ ഇപ്പോൾ ചില യാക്കോബായക്കാർ ആധാരമാക്കിവരുന്നതു്. എന്നാൽ പത്രോസിന്റെ വിശ്വാസം പത്രോസിനെ കൂടാതെ എങ്ങിനെയുണ്ടായി? കീഫായുടെ വിശ്വാസ ദാർഢ്യം നിമിത്തം കീഫാ വിശ്വാസമാണെന്നും, വിശ്വാസമെന്ന ആ കീഫാമേൽ (അതായതു് കീഫാ എന്ന പത്രോസിന്മേൽ) സഭ പണിയപ്പെട്ട എന്നും മററുമുള്ള അലങ്കാരപ്രയോഗങ്ങൾ എല്ലാ ഭാഷകളിലും സ്വീകാര്യങ്ങളാണ്. പത്രോസിന്റെ വിശ്വാസം നിമിത്തം, പത്രോസിന്റെ വിശ്വാസത്തിന്മേൽ സഭ പണിയപ്പെട്ടു എന്നു പറയുന്നതും ഒരു അലങ്കാരപ്രയോഗമാണ്. Effect for the cause and cause for the effect— Abstract for the Concrete and Concrete for the abstract....) "ശീമോൻ കീഫായുടെമേൽ സഭ പണിയപ്പെട്ടിരിക്കുന്നു" "നിന്റെമേൽ എന്റെ സഭ ഞാൻ പണിയും" എന്നിപ്രകാരമുള്ള മുകളിലുദ്ധരിച്ച വാക്യങ്ങളോടു തട്ടിച്ചുനോക്കിയാൽ ഇപ്പോൾ പറഞ്ഞവ കേവ

ലം അലങ്കാരപ്രയോഗങ്ങൾ മാത്രമാണെന്ന് ആർക്കാണ് മനസ്സിലാകാത്തത്?

പത്രോസിന്റെ പരമാധികാരം യാക്കോബായസഭ ഇന്ന് ഔദ്യോഗികമായി നിഷേധിക്കുന്നില്ലെങ്കിലും യാക്കോബായക്കാരെന്നറിയപ്പെടുന്ന ചിലർ അതു നിഷേധിക്കുന്നു. സത്യാന്വേഷ മനഃസ്ഥിതിയോടെ യാക്കോബായ രേഖകൾ സശ്രദ്ധം പരിശോധിക്കണമെന്നു മാത്രമേ ഇവരോടു പറയുവാനുള്ളു. ഇന്നത്തെ മെത്രാൻകക്ഷിയുടെ നേതാവായിരുന്ന പരേതനായ വട്ടശേരിൽ മാർ ഗീവറുഗീസു ദീവന്നാസിയൂസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു തന്നെയും തനിക്കും പത്രോസത്വമുണ്ടെന്നു പറഞ്ഞിരുന്നതല്ലാതെ പത്രോസിന്റെ പരമാധികാരം നിഷേധിച്ചിരുന്നില്ല.

[ഓരോ മെത്രാനും പത്രോസത്വമുണ്ടെങ്കിൽ, അഥവാ ഓരോ മെത്രാനും പത്രോസാണെങ്കിൽ, മെത്രനായിരുന്ന നെസ്തോർ സഭയ്ക്കെതിരായി യുദ്ധംചെയ്തെന്നും എന്നാൽ അയാൾ അധഃപതിച്ചുപോയെന്നുമുള്ള മേലുദ്ധരിച്ച യാക്കോബായ ഗീതത്തിലെ ആശയം എങ്ങനെ സാധൂകരിക്കപ്പെടും? സഭ പത്രോസിന്മേൽ പണിയപ്പെട്ടിരിക്കുന്നു എന്നല്ലയോ അതിൽ പറയുന്നതു്? ആകയാൽ ഓരോ മെത്രാനിലും പത്രോസത്വം (പരമാധികാരം) ഉണ്ടെന്നു സമർത്ഥിക്കുക യാക്കോബായ വിശ്വാസത്തിനു വിരുദ്ധമാണ്. "ശീമോനെപ്പോലെ അടിസ്ഥാനം (ܐܝܟ ܫܡܥܘܢ ܫܘܬܐܣܐ എന്നു മെത്രാന്മാരെ സംബോധന ചെയ്യുന്ന യാക്കോബായ ഗീതമായിരിക്കാം ഈ വ്യാഖ്യാനത്തിനു നിദാനം. എന്നാൽ ശീമോൻ സാർവ്വത്രിക സഭയിൽ അടിസ്ഥാനമായിരിക്കുന്നതുപോലെ, മെത്രാൻ സ്വന്തം ഇടവകയിൽ അടിസ്ഥാനമായിരിക്കുന്നു എന്നല്ലാതെ പ്രസ്തുത സംബോധനയ്ക്കു കൂടുതൽ അർത്ഥവ്യാപ്തിയുണ്ടാകുവാൻ പാടുള്ളതല്ല. എന്തുകൊണ്ടെന്നാൽ മെത്രാന്മാർ ശ്ലീഹന്മാരുടെ പിൻഗാമികളും പത്രോസ് അടിസ്ഥാനമെന്ന നിലയിൽ ശ്ലീഹന്മാരുടെ പരമാധികാരിയും റീശോ (തലവൻ) ആണെന്നത്രേ മറ്റനവധി യാക്കോബായ രേഖകൾ പ്രകടമായി പ്രസ്താവിക്കുന്നതു്.]

പിൻഗാമിത്വം.

അതെ, സഭയുടെ പരമാധികാരി പത്രോസാകുന്നു എന്നു യാക്കോബായ രേഖകൾ പ്രസ്താവിക്കുന്നു. മററു ശ്ലീഹന്മാരുടെ തലവനും അവരെ ഭരിക്കുന്നവനും ആണ് പത്രോസ്. മററു ശ്ലീഹന്മാരും ഉൾപ്പെട്ട സഭ പത്രോസിന്റെ മേലാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നതു്. പത്രോസും മററു ശ്ലീഹന്മാരും വ്യക്തിത്വത്തിൽ മരിച്ചു. എ

ന്നാൽ സഭ എന്നും ഉണ്ടായിരിയ്ക്കണം. ആകയാൽ പത്രോസിന്റെയും മററ ശ്ലീഹന്മാരുടേയും ഉദ്യോഗങ്ങൾ നീണ്ടുനിൽക്കുന്നുണ്ടു്. ആ ഉദ്യോഗങ്ങൾ വഹിയ്ക്കുന്ന പിൻഗാമികളും അവർക്കുണ്ടു്. ആരാണു് ഉദ്യോഗത്തിൽ ഇന്നത്തെ പത്രോസ്സ്? ആരാണു് ഉദ്യോഗത്തിൽ ഇന്നത്തെ ശ്ലീഹന്മാർ?

പത്രോസിന്റെ നേതൃത്വത്തിൽ നിന്ന ശ്ലീഹാസംഘത്തോടാണല്ലൊ "കണ്ടാലും ലോകാവസാനംവരെ എല്ലാ ദിവസവും ഞാൻ നിങ്ങളുടെ കൂടെയുണ്ടു്" എന്നു മ്ശിഹാ അരുളിച്ചെയ്തതു്. ആകയാൽ എന്നും ആ സംഘം ഉണ്ടായിരിയ്ക്കണം. അന്നവിടെ നിന്നവർ വ്യക്തിത്വത്തിൽ മരിച്ചുപോയി. അങ്ങനെ അവർ മരിയ്ക്കുമെന്നു മ്ശിഹായിയ്ക്കറിവുണ്ടായിരുന്നു. എങ്കിലും ലോകാവസാനംവരെ എല്ലാദിവസവും താൻ അവരുടെകൂടെ ഉണ്ടായിരിയ്ക്കുമെന്നാണു് മ്ശിഹായുടെ വാഗ്ദാനം. ആകയാൽ അവരുടെ ഉദ്യോഗം വഹിയ്ക്കുന്ന പിൻഗാമികൾ എന്നും സഭയിലുണ്ടാകണം. ആരാണു് ഇന്നത്തെ പത്രോസ്സ്? ആരാണു് ഇന്നത്തെ ശ്ലീഹന്മാർ?

ശ്ലീഹന്മാരെല്ലാവരും മെത്രാന്മാരായിരുന്നു എന്നു പ്രസ്താവിയ്ക്കുന്ന യാക്കോബായ രേഖകൾ മുകളിൽ ഹാജരാക്കിയിട്ടുണ്ടു്. ഇതിൽ നിന്നു യാക്കോബായ വിശ്വാസപ്രകാരവും മെത്രാന്മാരാണു്, ശ്ലീഹന്മാരുടെ പിൻഗാമികൾ എന്നു തെളിയുന്നു. ഭരണത്തിനായി ശീമോൻ തന്റെ കൂട്ടുകാരുടെ തലവനാക്കപ്പെട്ടു എന്നും യാക്കോബായ രേഖകൾ പ്രസ്താവിയ്ക്കുന്നതായി നമ്മൾ കണ്ടു. ആകയാൽ തലവനായ ശീമോന്റെ പിൻഗാമി ഏതു മെത്രാനാകുന്നു എന്നാണു് നമുക്കു കണ്ടുപിടിയ്ക്കുവാനുള്ളതു്.

a) ഓരോ മെത്രാനിലും പത്രോസത്വം (പരമാധികാരം) സ്ഥിതി ചെയ്യുന്നു എന്നു പറയുക അബദ്ധമാണെന്നു നമ്മൾ കണ്ടുകഴിഞ്ഞു (മുകളിൽ നോക്കുക) ഓരോ മെത്രാനെയും പത്രോസാക്കിയാൽ പരമാധികാരമില്ലെന്നും സിദ്ധിയ്ക്കും. ഓരോ പാത്രിയക്കീസിലും പത്രോസിത്വം (പരമാധികാരം) നിക്ഷിപ്തമാണെന്നു പറയുന്നതും അബദ്ധമാണു്. യാക്കോബായ പ്രമാണങ്ങളനുസരിച്ചു് നെസ്തോർ ഒരു പാത്രിയക്കീസല്ലായിരുന്നോ? ശീമോന്റെ മേൽ സ്ഥാപിയ്ക്കപ്പെട്ട സഭയോടു നെസ്തോർ മത്സരിച്ചെന്നു യാക്കോബായസഭ പ്രസ്താവിയ്ക്കുന്ന സ്ഥിതിയ്ക്കു്, നെസ്തോരും അദ്ദേഹത്തെപ്പോലെയുള്ള ഓരോ പാത്രിയക്കീസും പത്രോസത്വമുള്ളവരാണെന്നു സമത്ഥിയ്ക്കുക യാക്കോബായ രേഖകൾക്കുതന്നെ വിരുദ്ധമാണു്. കൂടാതെയും ഓരോ പാത്രിയക്കീസിലും പത്രോസത്വം നിക്ഷേപിച്ചാൽ സഭ പലതായി പിളന്നുപോകും. "ഒരു തൊഴുത്താ" യസഭയ്ക്കു "ഒരിടയൻ" മാത്രമേ ഉള്ളു.

b) "ഓരോ പാത്രിയക്കീസും പത്രോസത്വത്തിൻെറ അംശമുള്ള വനാണ്. പാത്രിയക്കീസുമാരുടെ സമൂഹത്തിൽ പത്രോസത്വം പൂർണ്ണ മായി സ്ഥിതിചെയ്യുന്നു" എന്നു ചിലർ വാദിയ്ക്കാറുണ്ട്. എന്നാൽ ഈ ആശയം സഭാഘടനയെ ഭേദപ്പെടുത്തുന്നതാണെന്നു് ഇപ്രകാരം വാദിയ്ക്കുന്നവർ മനസ്സിലാക്കുന്നില്ല. സഭ ഏകനായ പത്രോസിൽ സ്ഥാപിയ്ക്കപ്പെട്ടു. ഏക പരമാധികാരിയായ പത്രോസിനോടും അ ദ്ദേഹത്തിൻെറ കീഴുള്ള ശ്ലീഹന്മാരോടും ആണു് "കണ്ടാലും ലോകാവ സാനംവരെ എല്ലാ ദിവസവും ഞാൻ നിങ്ങളുടെ കൂടെയുണ്ടു്" എന്നു മ്ശിഹാ വാഗ്ദാനം ചെയ്തതു്. ഏകനായ പരമാധികാരിയിൽ സ്ഥി തിചെയ്യുന്ന സഭ എന്നുമുണ്ടായിരിയ്ക്കുമെന്നാണു് ഈ വാക്യത്തിൻെറ അർത്ഥം. ആകയാൽ പരമാധികാരം പലരുടെ സമൂഹത്തിൽ സ്ഥാ പിയ്ക്കുക മ്ശിഹായുടെ ഉദ്ദേശ്യത്തിനു വിരുദ്ധമാണെന്നു തെളിയുന്നു.

c) പത്രോസിൻെറ പിൻഗാമി എന്ന നിലയിൽ ഏകനിൽ പരമാധികാരം നിക്ഷേപിച്ചാൽ, പത്രോസു കാലംചെയ്തശേഷം ഒരു പിൻഗാമിയുണ്ടായതുവരെ സഭ ആരുടെമേൽ നിന്നു? ഓരോ പരമാ ധികാരിയും മരിച്ചശേഷം വേറൊരാൾ വരുന്നതുവരെ സഭ ആരുടെ മേൽ നിൽക്കുന്നു? എന്നിങ്ങനെയാണു് വേറെ ചിലരുടെ വാദരീതി.

എന്നാൽ പരമാധികാരം ഒരുദ്യോഗമാണെന്നും അതു ശാശ്വത മായ ഒന്നാണെന്നും ആദ്യമായി നമ്മൾ ഗ്രഹിയ്ക്കണം. ഉദ്യോഗം എ ന്നും അഭേദ്യമായി നിലകൊള്ളുന്നു. ഉദ്യോഗം വഹിയ്ക്കുന്ന വ്യക്തിക ളാകട്ടെ "ആൾത്ത"ത്തിൽ മാറിമാറി വരുന്നു. രാജാധികാരം പ്രയോ ഗിയ്ക്കപ്പെടുന്ന ഒരു രാഷ്ട്രത്തിൽ രാജാവു മരിച്ചാലും ഭരണഘടന വ്യത്യാസപ്പെടുന്നില്ല. മരിച്ച രാജാവിൻെറ അധികാരം മാറിപ്പോ കുന്നുമില്ല. മരിച്ചരാജാവിൻെറ നിയമങ്ങൾ അയാൾ മരിച്ചശേഷവും ശക്തിയിൽ ഇരിയ്ക്കുന്നു. ഇതുപോലെതന്നെയാണു് ഏകനായ പര മാധികാരിയിൽ സ്ഥിതിചെയ്യുന്ന സഭയുടേയും പ്രകൃതി. കാരണം, ശാ ശ്വതമായ ഒരുദ്യോഗമാണു് പരമാധികാരം. (മുകളിൽ നോക്കുക)

ഒരേ ഒരാൾതന്നെ (യോനായുടെ പുത്രനായ ശിമോൻ തന്നെ) "ആൾത്ത"ത്തിൽ എന്നും സഭയുടെ തലവനല്ലെങ്കിൽ അദ്ദേഹത്തി ൻെറ തലസ്ഥാനം പലരിൽ നിക്ഷേപിയ്ക്കണമെന്നാണല്ലോ എതിര ഭിപ്രായം. ഇതു സ്വീകാര്യമാണെങ്കിൽ, ശീമോൻ ഉറങ്ങിയിരുന്ന സ മയത്തു് ശീമോൻെറ തലസ്ഥാനം അന്യരിൽ നിക്ഷിപ്തമായിരുന്നെ ന്നു സമ്മതിയ്ക്കേണ്ടി വന്നേയ്ക്കും. എന്നാൽ ശീമോൻ ഉറങ്ങിയിരുന്ന പ്പോഴും പരമാധികാരമെന്ന ഉദ്യോഗം നിലകൊള്ളുകതന്നെ ചെയ്തി രുന്നു. അപ്പോഴും സഭ പരമാധികാരത്തിൽ അഥവാ പത്രോസിൽ ഉറച്ചുനിന്നിരുന്നു. "ആൾത്ത"ത്തിലുള്ള ഉറക്കവും മരണവും തമ്മിൽ ഈ കാര്യത്തിൽ വ്യത്യാസമില്ല. ഉറക്കസമയത്തും മരണാനന്തരവും ഉ

ദ്യോഗം നിലനിൽക്കുന്നു. ഉറക്കത്തിൽ നിന്നു് എഴുന്നേൽക്കുന്ന ആൾ "ആരാത്ത"ത്തിലും ഉറങ്ങിയവൻ തന്നെ എന്നതു് ഒരു വിശേഷമല്ല. എന്തുകൊണ്ടെന്നാൽ, മരണത്തിന്റെ ശേഷം വരുന്നയാൾ "ആരാത്ത"ത്തിൽ വ്യത്യസ്തനെങ്കിലും ഔദ്യോഗിക നിലയിൽ മരിച്ചവനിൽ നിന്നു വ്യത്യസ്തനല്ല. "ആരാത്ത"മല്ല, ഉദ്യോഗമാണു് നമ്മുടെ ചിന്താവിഷയം. ഏകപരമാധികാരിയായ പത്രോസും കീഴുള്ള ശ്ലീഹന്മാരും "ആരാത്ത"ത്തിൽ മരിയ്ക്കുമെന്നറിഞ്ഞുകൊണ്ടല്ലയോ അവർ എന്നുമുണ്ടായിരിയ്ക്കുമെന്നു് ശ്ലീഹാ അരുളിച്ചെയ്തതു്? ഇവിടെ അവരുടെ ഉദ്യോഗമാണു ചിന്താവിഷയമെന്നു സ്പഷ്ടമാകുന്നു. ഒരു പരമാധികാരി "ആരാത്ത"ത്തിൽ മരിച്ചാലും അദ്ദേഹത്തിന്റെ ഉദ്യോഗവും ഔദ്യോഗിക പ്രവൃത്തികളും സഭാഘടനയോടൊപ്പം നീണ്ടുനിൽക്കുന്നു. ആകയാൽ ഒരു പരമാധികാരി മരിച്ചശേഷം വേറൊരാൾ വരുന്നതുവരെ സഭ ആരുടെമേൽ നിൽക്കുന്നു എന്ന ചോദ്യം അസ്ഥാനത്താണു്.

മരിച്ചയാളുടെ ഉദ്യോഗവും ഔദ്യോഗിക പ്രവൃത്തികളും സഭാഘടനയോടൊപ്പം നീണ്ടു നിൽക്കുന്നെങ്കിൽ, വേറൊരാൾ പ്രത്യക്ഷനാകേണ്ട ആവശ്യമില്ലല്ലൊ എന്നു വല്ലവരും വിചാരിച്ചേയ്ക്കാം. എന്നാൽ, ഉദ്യോഗം സജീവമായി സാഹചര്യത്തിനൊത്തവണ്ണം പ്രയോഗിയ്ക്കുവാനും, ഔദ്യോഗിക പ്രവൃത്തികൾക്കു സജീവ വ്യാഖ്യാനം നൽകുവാനും മററും സജീവനായ ഒരു പരമാധികാരി ആവശ്യമായതിനാൽ മരിച്ചയാളുടെ സ്ഥാനത്തു് വേറൊരാൾ പ്രത്യക്ഷനാകേണ്ടതായി വരുന്നു. ഇപ്രകാരം പരമാധികാരപ്രാപ്തർ പത്രോസു മരിച്ചശേഷം ഒരാൾക്കു പുറകെ വേറൊരാളായി പ്രത്യക്ഷരാകാതിരുന്നാൽ സഭയിൽ ഉണ്ടാകുന്ന ഭിന്നതകളെയും തർക്കങ്ങളെയും സജീവമായ അധികാരപ്രയോഗത്താൽ തടയുവാൻ ആളില്ലാതെ വരും. കൂദാശകൾ സാധുവായി ശുശ്രൂഷിയ്ക്കുവാൻ മെത്രാന്മാരും പട്ടക്കാരും മതിയെങ്കിലും മെത്രാന്മാരെ തമ്മിൽ യോജിപ്പിയ്ക്കുവാനും സത്യമേതെന്നു വിശദീകരിച്ചുറപ്പിയ്ക്കുവാനും, സാഹചര്യങ്ങൾക്കു പററിയ നിയമങ്ങൾ സൃഷ്ടിയ്ക്കുവാനും മററും പരമാധികാരം സജീവമായി സംസാരിയ്ക്കേണ്ട ആവശ്യമുണ്ടു്. ആകയാൽ പത്രോസു പരമാധികാരിയാണെന്നു സമ്മതിയ്ക്കുന്നതോടെ അദ്ദേഹത്തിനു പരമാധികാരത്തിൽ പിൻഗാമിയുണ്ടാകേണ്ടതാണെന്നു് സഭാഘടനയുടെ പ്രകൃതി ഗ്രഹിച്ചിട്ടുള്ളവർ സമ്മതിയ്ക്കാതിരിയ്ക്കയില്ല. പത്രോസു മരിച്ചശേഷം പത്രോസിന്റെ ഉപദേശങ്ങളേയും നിയമങ്ങളേയും സജീവമായി വ്യാഖ്യാനിയ്ക്കുവാനും മററും പത്രോസിന്റെ പിൻഗാമിയല്ലാതെ മററു ശ്ലീഹന്മാരുടെ പിൻഗാമികൾ ഉദ്യുക്തരാകേണ്ടതല്ലല്ലൊ. പ്രസ്തുത വ്യാഖ്യാനങ്ങൾ നൽകുവാനും മററും മ്ശിഹായൊ പരിശുദ്ധാൽമാവൊ ഓരോ അവസര

ത്തിൽ പ്രത്യക്ഷപ്പെട്ടുന്നില്ലെന്നു നമുക്കറിയാം. ആകയാൽ പത്രോസിനു് പിൻഗാമി ഉണ്ടാകുകതന്നെ വേണം.

d) ഭരണത്തിൽ ഏകമായിരിയ്ക്കണമെന്നുള്ള സഭാലക്ഷണം ഇപ്പോൾ പറഞ്ഞതരത്തിലുള്ള പരമാധികാരപ്രയോഗത്താൽ സത്യസഭയിൽ നിറവേറാതിരിയ്ക്കുന്നില്ല. ഈ വിധത്തിലുള്ള പരമാധികാരപ്രയോഗത്താൽ ഭരണത്തിൽ ഏകമായിരിയ്ക്കുന്നസഭ ഏതാണെന്നു തിരിച്ചറിയുവാൻ (discern) ആർക്കും നിഷ്പ്രയാസം സാധിയ്ക്കുന്നതാണു്. ഭരണത്തിലുള്ള ഏകത്വം തിരിച്ചറിയപ്പെടുവാൻ (to be visible i.e to be discernible) പരമാധികാരി എന്നും 'ആൾ ത്ത'ത്തിൽ മരിയ്ക്കാതിരിയ്ക്കണമെന്നില്ല. ആകയാൽ, പത്രോസിന്റെ പരമാധികാരം ഏകനിൽ നിക്ഷേപിച്ചാൽ, അദ്ദേഹം മരിച്ചശേഷം വേറൊരാൾ വരുന്നതുവരെ സത്യസഭ ഏതെന്നു തിരിച്ചറിയുവാൻ സാധിയ്ക്കാതെ വരുമെന്നുള്ള ഭയവും അസ്ഥാനത്താണു്. ഈ ഭയംനിമിത്തം പത്രോസിനു ഒരു പിൻഗാമി ആവശ്യമില്ലെന്നും, മെത്രാന്മാർ എല്ലാവരുംകൂടി ഭരണം നടത്തിക്കൊള്ളുമെന്നും വിചാരിയ്ക്കുന്നവരുടെ വാദരീതി അടിസ്ഥാനരഹിതമാകുന്നു. അവരുടെ വാദത്തിനു നിദാനമായ പ്രസ്തുത ഭയംതന്നെയും അടിസ്ഥാനരഹിതമാണു്.

e) "പരമാധികാരിയെ തിരിഞ്ഞെടുക്കുന്നവരല്ലയോ അദ്ദേഹത്തിനു പരമാധികാരം പ്രദാനം ചെയ്യുന്നതു്. അങ്ങനെ പരമാധികാരം പ്രദാനം ചെയ്യുന്നതുവരെ അവരിലല്ലയോ അതു സ്ഥിതിചെയ്യുന്നതു്; ആകയാൽ മെത്രാന്മാരിലോ മററു തിരിഞ്ഞെടുപ്പുകാരിലോ ആണു് പത്രോസു മരിച്ചശേഷം പരമാധികാരം സ്ഥിതിചെയ്യുന്നതു്," എന്നിപ്രകാരമുള്ള വാദരീതിയും സ്വീകാര്യമല്ല.

എന്തുകൊണ്ടെന്നാൽ, പരമാധികാരം സ്ഥാപിച്ചതു മ്ശീഹായാണു്. ശാശ്വതമായിട്ടാണു് അവിടുന്നു അതു സ്ഥാപിച്ചതു്. പത്രോസിന്റെ ഈ പരമാധികാരം പ്രയോഗിയ്ക്കുവാൻ ഇന്നയാൾ വേണമെന്നു് തിരഞ്ഞെടുക്കുന്നവർ തീരുമാനിയ്ക്കുമ്പോൾ, ശാശ്വതമായി സഭയിൽ നിലകൊള്ളുന്ന പരമാധികാരോദ്യോഗത്തിൽ ആ ആൾ സ്വമനസ്സാ പ്രവേശിയ്ക്കുന്നതു [illegible]യല്ലാതെ, തിരിഞ്ഞെടുക്കുന്നവർ അധികാര കൈമാററം ചെയ്യുന്നു എന്നു പറഞ്ഞാൽ, മ്ശീഹാ ഏകവും ശാശ്വതവും ആയി സ്ഥാപിച്ച പരമാധികാരം പലരെടുത്തു കൈകാരം ചെയ്യെന്നും, തദ്വാരാ, അവർ സഭാസംഘടനയെ ഭേദപ്പെടുത്തിയെന്നും പറയേണ്ടിവരും. ഇതു ശരിയല്ലല്ലൊ.

പത്രോസിന്റെ പരമാധികാരം സ്വീകരിയ്ക്കുന്ന ചില യാക്കോബായക്കാരുടെ എതിരഭിപ്രായങ്ങളെപ്പററി ഇത്രയും പ്രസ്താവിച്ചശേഷം ഇന്നത്തെ പത്രോസ് ആരാണെന്നു നമുക്കാരായാം.

റോമ്മാ തലസ്ഥാനം.

പത്രോസ്സ് അന്തിയോക്കിയായിൽ പോയിട്ടുണ്ടെന്നു സമ്മതിയ്ക്കാത്തവരായി ആരുമില്ല. എന്നാൽ (എവോദിയൂസിനെ അന്തിയോക്കിയായിൽ ആക്കിയശേഷം) അദ്ദേഹം (അന്തിയോക്കിയാവിട്ടു) റോമ്മായിയ്ക്കു പോയെന്നും റോമ്മായിൽ തന്റെ സിംഹാസനം സ്ഥാപിച്ചെന്നും യാക്കോബായ രേഖകൾ സമ്മതിച്ചുപറയുന്നു.

ܐܬܦܪܫܘ ܗܘܘ ܫܠܝ̈ܚܐ
ܠܡܬܠܡܕܘ ܠܟܠܗܘܢ
ܥܡ̈ܡܐ. ܘܠܟܠ ܚܕ
ܡܢܗܘܢ ܐܬܪܐ ܐܫܠܡ ܠܗ
ܘܝܗܒ ܠܗ ܒܪܐ ܕܐܠܗܐ
ܠܫܡܥܘܢ ܪܘܡܝ...

"ശ്ലീഹന്മാർ പുറജാതികളെയെല്ലാം ശിഷ്യപ്പെടുത്തുവാൻ അയയ്ക്കപ്പെട്ടു. അവരിൽ ഓരോരുത്തനും ഓരോ സ്ഥലം ദൈവപുത്രൻ ഏല്പിച്ചുകൊടുത്തു. ശീമോന്നു റോമ്മാ...."

(പെന്തിക്കൊസ്തി നമസ്കാരം—ലിലിയോ)

മതപ്രസംഗത്തിനായി മ്ശീഹാ തന്നെ പത്രോസിനെ റോമ്മായിയ്ക്കയച്ചു എന്നാണല്ലോ ഇവിടെ പ്രസ്താവിച്ചിരിയ്ക്കുന്നതു്. മോശെ ബർകീഫോയുടെ സാക്ഷ്യം കൂടി ഉദ്ധരിയ്ക്കാം:—

ܫܡܥܘܢ ܒܪ ܝܘܢܐ
ܕܐܬܩܪܝ ܟܐܦܐ ܗܘ
ܦܛܪܘܣ ܪܝܫܐ ܕܫܠܝ̈ܚܐ
ܐܙܠ ܠܪܗܘܡܝ... ܘܒܢܐ
ܥܕܬܐ ܬܡܢ ܘܥܒܕܗ̇
ܟܘܪܣܝܐ ܕܪܝܫ ܫܠܝ̈ܚܐ
ܘܕܒܪܗ̇ ܟ̄ܗ ܫܢܝ̈ܢ.

"കീഫോ എന്നു പേരുവിളിയ്ക്കപ്പെട്ട യോനായുടെ പുത്രനായ ശിമോൻ, അതായതു് ശ്ലീഹന്മാരുടെ തലവനായ പത്രോസ് ....റോമ്മായിയ്ക്കുപോയി....അവിടെ സഭ സ്ഥാപിച്ചു: അതിനെ ശ്ലീഹന്മാരുടെ തലവന്റെ സിംഹാസനമാക്കി: 25 സംവത്സരം അതിനെ ഭരിച്ചു."

(De Dedicatione Ecclesia, Homilia, 1.)

a) പത്രോസു റോമ്മായിൽ പോയെന്നും അവിടെ സഭ സ്ഥാപിച്ച് അതിനെ ശ്ലീഹന്മാരുടെ തലവന്റെ സിംഹാസനമാക്കിയെന്നും യാക്കോബായസഭയിലെ ഒരു പ്രമാണ വേദാന്തിയായ മോശെ ബർകീഫാ സമ്മതിച്ചു പറയുമ്പോൾ, "കൊല്ലപ്പെടുവാൻമാത്രം നിർബന്ധപൂർവ്വം പത്രോസു റോമ്മായിലേയ്ക്കു കൊണ്ടുപോകപ്പെട്ടതേയുള്ളു" എന്നു നമ്മുടെ ചില യാക്കോബായക്കാർ പ്രസ്താവിയ്ക്കുന്നതിനെപ്പററി എന്തു പറയട്ടെ! മരണത്തിനു നിർബന്ധപൂർവ്വം പത്രോസു കൂട്ടിക്കൊണ്ടു പോകപ്പെടുമെന്നുള്ള നമ്മുടെ കർത്താവിന്റെ വാക്യമാണത്രെ ഇങ്ങനെ പ്രസ്താവിയ്ക്കുവാൻ ഇവർക്കുള്ള ആധാരം! റോമ്മായിൽവച്ച് പത്രോസ് നിർബന്ധപൂർവ്വം മരണത്തിനു കൂട്ടികൊണ്ടു പോകപ്പെട്ടു എന്നതിൽനിന്നു "കൊല്ലപ്പെടുവാൻ മാത്രം നിർബന്ധപൂർവ്വം പത്രോസു റോമ്മായിലേയ്ക്കു കൊണ്ടുപോകപ്പെട്ടതേയുള്ളു" എന്ന് അനുമിയ്ക്കുന്നതു് യുക്തിയല്ലെന്ന് ആർക്കാണ് മനസ്സിലാകാത്തതു്?

b) റോമ്മാസഭ ഫെബ്രുവരി 22-ാംനു- പത്രോസിന്റെ അന്തിയോക്കിയാ സിംഹാസനത്തിന്റെ ഓർമ്മകൊണ്ടാടുന്നുണ്ടെങ്കിലും റോമ്മാ സിംഹാസനത്തിന്റെ ഓർമ്മകൊണ്ടാടുന്നില്ലെന്നു പ്രസംഗിയ്ക്കുന്നവർ റോമ്മാസഭയുടെ പഞ്ചാംഗത്തിൽ ജനുവരി 18-ാംനു- കുറിച്ചിരിയ്ക്കുന്നതു് ഏതു തിരുനാളാണെന്നു നോക്കട്ടെ. അതു പത്രോസിന്റെ റോമ്മാസിംഹാസനസ്ഥാപനത്തിന്റെ ഓർമ്മയാണ്!!

c) പത്രോസ് 25 സംവത്സരം റോമ്മായിൽ ഭരിച്ചെന്നാണല്ലോ മോശെ ബർകീഫായുടെ സാക്ഷ്യം. എത്രകൊല്ലം പത്രോസു റോമ്മായിൽ ഭരിച്ചു എന്നതു സംബന്ധിച്ചു ചരിത്രകാരന്മാരുടെയിടയിൽ (കത്തോലിയ്ക്കരുൾപ്പെടെ) അഭിപ്രായവ്യത്യാസമുണ്ടു്. ഈ അഭിപ്രായവ്യത്യാസത്തെ അടിസ്ഥാനമാക്കി പത്രോസു റോമ്മായിൽ ഭരണം നടത്തിയിട്ടില്ലെന്നു ചില യാക്കോബായക്കാർ ഇപ്പോൾ വാദിയ്ക്കുന്നു. എത്രകൊല്ലം ഒരാൾ ഒരിടത്തു ഭരണം നടത്തിയെന്നതു സംബന്ധിച്ചുണ്ടാകുന്ന അഭിപ്രായവ്യത്യാസത്തെ അടിസ്ഥാനമാക്കി ആ ആൾ അവിടെ ഭരണം നടത്തിയിട്ടില്ലെന്ന് അനുമിയ്ക്കുന്നതിൽ യുക്തിഭംഗമുണ്ടെന്ന് ഇവർ ഗ്രഹിയ്ക്കുന്നില്ലയോ?

d) പത്രോസിൽ നിന്നുള്ള കൈവയ്പ്പ് റോമ്മായിൽ ഉണ്ടായിരുന്നില്ലെന്നു പറയുവാൻ ചില യാക്കോബായക്കാർ മടി കാണിയ്ക്കാത്തതിൽ അൽഭുതപ്പെടേണ്ടിയിരിയ്ക്കുന്നു. എന്തുകൊണ്ടെന്നാൽ യാക്കോബായക്കാരുടെ കൈവശമുള്ള "ശ്ലീഹന്മാരുടെ കാനോനാകൾ (ܩܢܘ̈ܢܐ ܕܫܠܝ̈ܚܐ) എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ കാണുന്നു:—

ܩܒܠܬ ܐܝܕܐ ܕܟܗܢܘܬܐ
ܕܫܠܝ̈ܚܐ ܪܗܘܡܝ ܡܕܝܢܬܐ
ܘܟܠܗ ܐܝܛܠܝܐ
ܘܐܣܦܢܝܐ ܘܒܪܛܢܝܐ
ܘܓܠܠܝܐ ܟܠܗ ܥܒܪ̈ܝܐ
ܕܐܬܪ̈ܘܬܐ ܐܚܪ̈ܢܝܐ
ܡܢ ܫܡܥܘܢ ܟܐܦܐ
ܕܡܢ ܐܢܛܝܘܟܝܐ ܐܬܐ
ܗܘܐ ܠܗ ܬܡܢ ܗܘܐ
ܦܩܘܕܐ ܘܡܕܒܪܢܐ
ܒܥܕܬܐ ܕܒܢܐ ܗܘܐ ܗܘ.

"ശ്ലീഹന്മാരുടെ ആചാര്യത്വത്തിൻെറ കൈവയ്പ്പ് റോമ്മാനഗരവും ഇത്താല്യാ മുഴുവനും, സ്പെയിനും, ബ്രിട്ടനും, ഗാളും അവയ്ക്കു ചുററുമുള്ള മററു പ്രദേശങ്ങളും ശീമോൻകീഫോയിൽനിന്നുതന്നെ സ്വീകരിച്ചു. അദ്ദേഹം അന്തിയോക്കിയായിൽ നിന്ന് അവിടെ എത്തുകയും അവിടെ താൻ പണിത സഭയിൽ കല്പിയ്ക്കുന്നവനും ഭരിയ്ക്കുന്നവനും ആവുകയും ചെയ്തു."

(നെസ്തോറിയക്കാരാദിയായ ഇതര പൌരസ്ത്യരുടെ കൈവശവും ഈ ഗ്രന്ഥമുണ്ട്.)

ഈ സന്ദർഭത്തിൽ ഒരു സംഗതി പ്രത്യേകം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. കൈവയ്പും അധികാരവും വ്യത്യസ്തങ്ങളാണ്. ശ്ലീഹന്മാരെല്ലാവരും കൈവയ്പു സ്വീകരിച്ചു എന്നാൽ ഭരണത്തിനായി പത്രോസ് എല്ലാവരുടേയും തലവനാക്കപ്പെട്ടു എന്നു പ്രസ്താവിയ്ക്കുന്ന മേലുദ്ധരിച്ച യാക്കോബായ രേഖകളിൽ നിന്നു ഈ സംഗതി വ്യക്തമാകുന്നുണ്ട്. ആകയാൽ ഒരു പക്ഷേ പത്രോസു നേരിട്ട് ആർക്കും കൈവയ്പു കൊടുത്തില്ലെന്നു വന്നാലും (വാസ്തവം അങ്ങനെയല്ല) അദ്ദേഹത്തിൻെറ പരമാധികാരം റോമ്മായിൽ സ്ഥാപിയ്ക്കപ്പെട്ടില്ലെന്നു സിദ്ധിയ്ക്കുന്നതല്ല. പത്രോസിനോടു യോജിച്ചു നിന്ന ഒരു മെത്രാനിൽനിന്നു് കൈവയ്പു സ്വീകരിച്ച ഒരാൾ പരമാധികാരത്തിൽ പത്രോസിൻെറ പിൻഗാമി ആയാൽ മതിയാകുന്നതാണ്. യാക്കോബായ സഭയിൽപോലും ഒരു പാത്രിയർക്കീസിൻെറ പിൻഗാമിയാകുന്ന പാത്രിയർക്കീസു പരേതനിൽ നിന്നു നേരിട്ടു കൈവയ്പു സ്വീകരിച്ചവനായിരിയ്ക്കണമെന്നു നിർബന്ധമില്ലല്ലോ.

e) "പത്രോസിന്റെ പിൻഗാമികളുടെ പേരുകൾ കാണിയ്ക്കുന്ന പട്ടികകൾ തമ്മിൽ യോജിയ്ക്കാതിരയ്ക്കുന്നു. ആകയാൽ പത്രോസിനു റോമ്മായിൽ പിൻഗാമിയില്ലായിരുന്നു" എന്നും ചില യാക്കോബായക്കാർ വാദിയ്ക്കുന്നു. ഇവിടെയും സ്പഷ്ടമായ യുക്തിഭംഗമുണ്ട്. ചരിത്രകാരന്മാർ പിൽക്കാലത്തു നിർമ്മിച്ച പട്ടികകൾ തമ്മിൽ ചില പേരുകളുടെ സ്ഥാനക്രമത്തിൽ യോജിയ്ക്കുന്നില്ലെന്നു വച്ച്, പത്രോസിനു റോമ്മായിൽ പിൻഗാമിയില്ലായിരുന്നെന്നു സിദ്ധിയ്ക്കുന്നതെങ്ങിനെ?

എഫേസൂസും റോമ്മായും.

ശ്ലീഹന്മാരുടെ തലവന്റെ സിംഹാസനം റോമ്മാ ആണെന്നു മോശെ ബർകീഫോ പറയുന്നു. (മുകളിൽ നോക്കുക) ശ്ലീഹന്മാരുടെ തലവൻ (റീശാ) എന്ന പ്രയോഗത്താൽ മോശെ ബർ കീഫോ പരമാധികാരമാണു മനസ്സിലാക്കുന്നതെന്നു മുകളിൽ തെളിയിച്ചിട്ടുണ്ടല്ലൊ. ഇതു സംബന്ധിച്ചുള്ള ഇതര യാക്കോബായ രേഖകളെ ഇവിടെ ഉദ്ധരിയ്ക്കാതെ യാക്കോബായ സഭ സ്വീകരിയ്ക്കുന്ന എഫേസൂസ് സൂനഹദോസിന്റെ നടപടികളെപ്പററി സ്വല്പം പ്രസ്താവിയ്ക്കാം.

നെസ്തോറീസ് അബദ്ധോപദേശം ചെയ്യപ്പോൾ അലക്സാന്ത്രിയായിലെ വി. കൂറിലോസു റോമ്മായിലെ വി. സെലസ്തീനോസു മാർപ്പാപ്പായെ വിവരമറിയിച്ച ശേഷം, നെസ്തോറീസിനോടു യോജിച്ചു പ്രവത്തിയ്ക്കുവാൻ പാടുണ്ടോ ഇല്ലയോ എന്നു തന്നെയും പൌരസ്ത്യ മെത്രാന്മാരെല്ലാവരെയും രേഖാമൂലം അറിയിയ്ക്കണമെന്നു മാർപ്പാപ്പായോടു് അപേക്ഷിച്ചു. നെസ്തോറീസിന്റെ സിദ്ധാന്തം അബദ്ധമാണെന്നും പത്തുദിവസത്തിനകം അതു പിൻവലിച്ചില്ലെങ്കിൽ, അയാളെ സിംഹാസനത്തിൽ നിന്നു ബഹിഷ്കരിച്ചു് തൽസ്ഥാനത്തു വേറൊരാളെ നിയമിയ്ക്കണമെന്നും ആയിരുന്നു റോമ്മായിൽ നിന്നുണ്ടായ തീരുമാനം. തദനുസരണം പ്രവത്തിയ്ക്കുവാൻ കൂറിലോസു ഒരുങ്ങി. എന്നാൽ ഒരു സൂനഹദോസിൽ വച്ചു് കാര്യം തീക്കണമെന്നു നെസ്തോറീസും മററും അഭിലഷിയ്ക്കുക നിമിത്തം എഫേസൂസിൽ സൂനഹദോസു നടത്തുവാൻ മാർപ്പാപ്പാ സമ്മതം നൽകി. അതിലേയ്ക്കു തന്റെ പ്രതിപുരുഷന്മാരെയും മാർപ്പാപ്പാ നിയോഗിച്ചയച്ചു. അവർക്കു മാർപ്പാപ്പാ നൽകിയ നിർദ്ദേശങ്ങളിൽ ഇങ്ങനെ കാണുന്നു:

"നിങ്ങൾ സൂനഹദോസിൽ ഹാജരായിരിയ്ക്കണം. തക്കമുണ്ടായാൽ അതിൽ പ്രവേശിയ്ക്കരുതു്. മററുള്ളവരുടെ അഭിപ്രായം സംബന്ധിച്ചു് നിങ്ങൾ വിധി പ്രസ്താവിയ്ക്കണം"

"വാദത്തിൽ സന്നിഹിതരാകുവാനും മുമ്പേതന്നെ നമ്മാൽ നിശ്ചയിയ്ക്കപ്പെട്ടവ നടപ്പിൽ വരുത്തുവാനും" താൻ പ്രതിപുരുഷന്മാ

രെ അയയ്ക്കുന്നു എന്നും മാർപ്പാപ്പാ സൂനഹദോസിലേയ്ക്കു് എഴുതി. അക്കാഡിയൂസു്, പ്രൊജെക്റ്ററസു്, പീലിപ്പോസു് എന്നിവരായിരുന്നു പ്രതിപുരുഷന്മാർ.

പ്രതിപുരുഷന്മാരുടെ അഭാവത്തിൽ നടന്ന യോഗനടപടികൾ അവർ സ്ഥലത്തെത്തിയ ഉടനെ സ്ഥിരീകരിയ്ക്കുന്നതിനായി സൂനഹദോസിൽവച്ചു് അവരുടെ മുമ്പിൽ ഹാജരാക്കപ്പെട്ടു. അവർ അവയെ സ്ഥിരീകരിച്ചു. തുടർന്നു് അവരിൽ ഒരാളായ പീലിപ്പോസു് ഇപ്രകാരം പ്രസംഗിച്ചു:

"പരിശുദ്ധനും അതിപൂജ്യനും, ശ്ലീഹന്മാരുടെ പ്രഭുവും, അവരിൽ പ്രധാനനും, വിശ്വാസത്തിന്റെ തൂണും, സഭയുടെ അടിസ്ഥാനവും ആയ പത്രോസു് രാജ്യത്തിന്റെ താക്കോലുകൾ കൈപ്പററി എന്നതും പാപങ്ങൾ വിമോചിയ്ക്കുവാനും പിടിയ്ക്കുവാനും ഉള്ള അധികാരം അദ്ദേഹത്തിനു നൽകപ്പെട്ടു എന്നതും, ഇതുവരെയും എല്ലാസമയത്തും തന്റെ പിൻഗാമികളിൽ അദ്ദേഹം ജീവിയ്ക്കുകയും വിധിയ്ക്കുകയും ചെയ്യുന്നു എന്നതും സത്യമായും സംശയരഹിതമായും എല്ലാക്കാലത്തും അറിയപ്പെട്ടിരിയ്ക്കുന്ന സംഗതികളാകുന്നു. ആകയാൽ അദ്ദേഹത്തിന്റെ മുറപ്രകാരമുള്ള പിൻഗാമിയും, അതേസ്ഥാനം തന്നെയുള്ളയാളും, അതിവിശുദ്ധനും, അതിപൂജ്യനും ആയ മാർപ്പാപ്പാ—സെലസ്തീനോസുമെത്രാൻ—തന്റെ സ്ഥാനത്തു ഞങ്ങളെ അയച്ചിരിയ്ക്കുന്നു........അയാൾ (നെസ്തോർ) സഭയുടെ ഐക്യത്തിൽ നിന്നു വേർപെടുത്തപ്പെട്ടിരിയ്ക്കുന്നു എന്നു നിങ്ങൾ അറിഞ്ഞാലും....".

ഉടൻതന്നെ വി. കൂറിലോസു ഇങ്ങനെ പറയുന്നു:—

"അക്കാഡിയൂസ്, പ്രൊജെക്റ്ററസു് എന്ന മെത്രാന്മാരാലും........ പീലിപ്പോസിനാലും പ്രസ്താവിയ്ക്കപ്പെട്ടവ സൂനഹദോസിനു വിശദങ്ങളായിട്ടുണ്ടു്. ശ്ലൈഹിക സിംഹാസനത്തിന്റെയും (=റോമ്മാസിംഹാസനത്തിന്റെയും) പാശ്ചാത്യദിക്കിലേ....മെത്രാന്മാരുടെ സൂനഹദോസിന്റെയും പ്രാതിനിധ്യം വഹിച്ചുകൊണ്ടാണു് അവർ അവരുടെ പ്രസ്താവനകൾ നടത്തിയിട്ടുള്ളതു്. ആകയാൽ ദൈവത്തിനിഷ്ടപ്പെട്ട മെത്രാനായ അതിപരിശുദ്ധ സെലസ്തീനോസിനാൽ നിർണ്ണയിയ്ക്കപ്പെട്ടവ നടപ്പിലാക്കപ്പെടട്ടെ...."

നെസ്തോറീസിനെ ആദരിയ്ക്കുക നിമിത്തം അന്നു് അന്തിയോക്കിയാ പാത്രിയർക്കീസായിരുന്ന യോഹന്നാനെ സൂനഹദോസു സ്ഥാനഭ്രംശം ചെയ്തു. എങ്കിലും, സൂനഹദോസിന്റെ നടപടികൾ സ്ഥിരീകരിച്ചപ്പോൾ മാർപ്പാപ്പാ അദ്ദേഹത്തെ മുടക്കിൽ നിന്നു വിമുക്തനാക്കി. യോഹന്നാൻ നെസ്തോറീസിനെ ത്യജിച്ചതറിഞ്ഞപ്പോൾ മാർപ്പാപ്പാ അദ്ദേഹത്തിന്റെ പേർക്കു് എഴുതിയതു് ഇപ്രകാരമായിരുന്നു:—

"നമ്മോടു യോജിയ്ക്കുക എന്താണെന്നു താങ്കൾ അനുഭവിച്ചറിഞ്ഞിരിയ്ക്കുന്നു... വി. പത്രോസു തന്റെ പിൻഗാമികൾ വഴി പ്രദാനം ചെയ്യുന്നതു് അദ്ദേഹം സ്വീകരിച്ചതു തന്നെയാണു്. അദ്ദേഹത്തിന്റെ ഉപദേശത്തിൽ നിന്നു സ്വയം മാറുവാൻ ആരാഗ്രഹിയ്ക്കും?"

അന്തിയോക്കിയാ പാത്രിയർക്കീസായ യോഹന്നാന്റെ ഈ അനുഭവം പാത്രിയർക്കീസുമാരിൽ പത്രോസത്വം സ്ഥാപിയ്ക്കുന്നവരും, അന്തിയോക്കിയായിൽ പരമാധികാരമുണ്ടെന്നു വിചാരിയ്ക്കുന്നവരും, അന്തിയോക്കിയാ ബന്ധുക്കളും പ്രത്യേകം ചിന്താവിഷയമാക്കിയാൽ കൊള്ളാം.

റോമ്മാ മാപ്പാപ്പായുടെ പരമാധികാരം ദൈവസ്ഥാപിതമാണെന്നും, അദ്ദേഹം പരമാധികാരത്തിൽ പത്രോസിന്റെ പിൻഗാമിയാണെന്നും എല്ലാവരും അദ്ദേഹത്തിനു വിധേയരാകണമെന്നും തക്കമററ രീതിയിൽ വിളിച്ചു പറയുന്ന ഒന്നാണു് എഫേസൂസ് സൂനഹദോസു്. ഭിന്നിപ്പിനു മുമ്പു നടന്ന ഒരു സൂനഹദോസായി യാക്കോബായ സഭ ഇതിനെ കരുതുകയും, നിക്കിയായിലേയും കുസ്തന്തിനോപ്പോളീസിലേയും സൂനഹദോസുകൾപോലെ ഇതിനെയും സ്വീകരിയ്ക്കുകയും, അവയോടൊപ്പം കുർബാനയിൽ ഇതിന്റെ ഓർമ്മ കൊണ്ടാടുകയും ചെയ്യുന്നു. ഭിന്നിപ്പിനു മുമ്പുള്ള അഭിന്ന സഭയുടെ അഥവാ പൂർവ്വസഭയുടെ വിശ്വാസം എന്തായിരുന്നു എന്നു് എഫേസൂസ് സൂനഹദോസു നമ്മെ ഉൽബോധിപ്പിയ്ക്കുന്നു. ഈ സൂനഹദോസിന്റെ ചരിത്രം നിഷ്പക്ഷബുദ്ധ്യാ പരിശോധിച്ചശേഷം കത്തോലിക്കർ മാപ്പാപ്പായെപ്പററി വിശ്വസിയ്ക്കുന്ന സത്യങ്ങൾ എഫേസൂസ് സൂനഹദോസിന്റെ ചരിത്രത്തിൽ നിന്നു നിസ്തക്കം തെളിയുന്നു എന്നു ആംഗ്ലിയ സഭാംഗമായ ഡോക്ടർ എച്ചു്. എസ്. സ്കോട്ടു പ്രസ്താവിയ്ക്കുന്നു. "The Eastern Churches and the Papacy", "General councils and Anglican claims" എന്ന രണ്ടു കൃതികളിൽ അദ്ദേഹം ഇതു തെളിയിച്ചിട്ടുമുണ്ടു്. എം. എ. ബിരുദം സമ്പാദിയ്ക്കുവാൻ ഓക്സ്ഫോർഡു് സർവ്വകലാശാലയിൽ അദ്ദേഹം സമപ്പിച്ച പ്രബന്ധമാണു് ഇവയിൽ ആദ്യം പറഞ്ഞ കൃതി. ക്രിസ്തീയ പുനരൈക്യം കൈവരുത്തുവാനുള്ള മാർഗ്ഗം ചൂണ്ടിക്കാണിയ്ക്കുകയാണു് രണ്ടാമതു പറഞ്ഞ കൃതിയുടെ ഉദ്ദേശ്യം. മേലുദ്ധരിച്ച രേഖകളെല്ലാം ഡോക്ടർ സ്കോട്ടു തന്റെ കൃതികളിൽ ഹാജരാക്കിയിട്ടുള്ളവ മാത്രമാണു്. അകത്തോലിയ്ക്കനെങ്കിലും, അദ്ദേഹത്തിന്റെ സത്യാന്വേഷബുദ്ധിയാണു് ഈ കൃതികൾ രചിയ്ക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചിട്ടുള്ളതു്.

ഇന്നത്തെ പത്രോസു് ആരാണെന്നുള്ള ചോദ്യത്തിനു് എഫേസൂസ് സൂനഹദോസു നൽകുന്ന മറുപടി ആ സൂനഹദോസു സ്വീകരിയ്ക്കുന്ന യാക്കോബായ സഹോദരങ്ങൾ സ്വീകരിയ്ക്കേണ്ടതല്ലയോ?

റീശ്ശുപാത്രിയക്കീസ്സ്.

വി. പത്രോസ്സ് ശ്ലീഹന്മാരുടെ തലവൻെറ സിംഹാസനം റോമ്മായിൽ സ്ഥാപിച്ചു എന്നു മോശെ ബർകീഫാ പ്രസ്താവിയ്ക്കുന്നതു പുരാതന സഭയുടെ വിശ്വാസമാണെന്നു ഇത്രയും പ്രസ്താവിച്ചവ വിശദമാക്കുന്നു. പത്രോസിൻെറയോ റോമ്മാ മാപ്പാപ്പായുടേയോ പരമാധികാരം സംബന്ധിച്ചുണ്ടായ ഏതെങ്കിലും തക്കത്തിൻെറ ഫലമായി ഉൽഭവിച്ചതല്ല യാക്കോബായ സഭ. വേറെ ചില സംഗതികൾ സംബന്ധിച്ചുണ്ടായ വഴക്കുകളാണു യാക്കോബായ വിഭാഗമുണ്ടാകുവാൻ കാരണം നൽകിയതു. ആരംഭത്തിലും പിന്നീട്ടു വളരെക്കാലത്തേയ്ക്കും പ്രസ്തുത വഴക്കുകളെപ്പററിയല്ലാതെ "പരമാധികാരവും തങ്ങളുടെ നിലയും" എന്ന വിഷയം സംബന്ധിച്ചു യാക്കോബായ പണ്ഡിതന്മാർ ചർച്ചചെയ്തിരുന്നില്ല. റോമ്മായിൽ നിന്നു ഭിന്നിച്ചു നിന്നിരുന്നെങ്കിലും, പരമാധികാരം സംബന്ധിച്ചുള്ള സിദ്ധാന്തങ്ങൾ പൂർവ്വിക യാക്കോബായക്കാർ തത്വത്തിൽ നിഷേധിച്ചിരുന്നുമില്ല. തന്നിമിത്തമത്രേ മോശെ ബർകീഫായെപ്പോലെയുള്ളവർ റോമ്മായിൽ തലസ്ഥാനം സ്ഥാപിയ്ക്കപ്പെട്ട വസ്തുത മറച്ചുവയ്ക്കാതിരിയ്ക്കുന്നതു. മഹാപണ്ഡിതനായ ബർ എബ്രായയും പുരാതന രേഖകൾ ഉദ്ധരിയ്ക്കവെ, റോമ്മായുടെ പരമാധികാരത്തെ സൂചിപ്പിയ്ക്കുന്ന ഭാഗങ്ങൾ ഉപേക്ഷിയ്ക്കുന്നില്ല. ഹൂദായ കാനോൻ 7-ാം കെപ്പാലിഊൻ 1-ാം പാസൂക്കായിൽ നിക്കിയായുടെ എന്ന അഭിധാനത്തിൽ അദ്ദേഹം ഇങ്ങനെ ഒരു കാനോൻ ഉദ്ധരിയ്ക്കുന്നു:-

"നിക്കിയായുടെ=ലോകത്തിൻെറ നാലുഭാഗങ്ങൾ പോലെ നാലു പാത്രിയക്കീസുമാർ ഉണ്ടാകണം. അവരുടെ എല്ലാവരുടേയും വലിയ തലവൻ (റീശാ റാബാ ദ്കുൽഹൂൻ) റോമ്മായിലെ (പാത്രിയക്കീസ്സ്); അദ്ദേഹത്തിൻെറ കൂടെ അലക്സാന്ത്രിയായിലെ (പാത്രിയക്കീസ്സ്); അദ്ദേഹത്തിൻെറ കൂടെ കുസ്തന്തിനാപ്പോളിസിലെ(പാത്രിയക്കീസ്സ്); എന്തുകൊണ്ടെന്നാൽ എഫേസൂസിൽ നിന്നു പാത്രിയക്കാസ്ഥാനം അവിടേയ്ക്കു മാററുകയും അവിടം പുതിയ റോമ്മാ എന്നു വിളിയ്ക്കപ്പെടുകയും ചെയ്തു; അദ്ദേഹത്തിൻെറ കൂടെ കിഴക്കു മുഴ

ܐܝܟ ܕܐܪܒܥܐ ܦܢܝ̈ܢ
ܢܗܘܘܢ ܦܛܪܝܪ̈ܟܐ
ܘܗܟܢܐ ܐܪܒܥܐ ܦܛܪ̈ܝܪܟܐ
ܪܫܐ ܘܪܒܐ ܕܟܠܗܘܢ
ܕܪܗܘܡܐ ܗܘ ܕܥܡܗ
ܘܥܡܗ ܕܐܠܟܣܢܕܪܝܐ ܘܥܡܗ
ܗܘ ܕܩܘܣܛܢܛܝܢܘܦܘܠܝܣ ܗܘ
ܕܡܢ ܐܦܣܘܣ ܐܫܬܢܝ ܬܡܢ
ܦܛܪܝܪܟܘܬܐ ܘܐܬܩܪܝܬ

വനും അധികാരമുള്ള അന്തിയോക്കിയാ (പാത്രിയർക്കീസ്)—”

ܪܝܫܐ ܪܒܐ ܕܟܠܗܘܢ
ܫܘܠܛܢܐ ܕܐܝܬ ܠܗ
ܦܛܪܝܪܟܐ ܕܐܢܛܝܘܟܝܐ.

a) വലിയതലവൻ (റീശാ റാബോ) എന്നതിൽ തലവൻ അഥവാ റീശാ എന്ന പദം അധികാരസൂചകമല്ലെന്നു ചിലർ വാദിയ്ക്കുന്നു. എന്നാൽ അധികാരത്തെസൂചിപ്പിയ്ക്കുവാൻ റീശ്ശ ശബ്ദം സുറിയാനിഭാഷയിൽ ധാരാളമുപയോഗിയ്ക്കാറുണ്ടെന്നു സുറിയാനിയറിയാവുന്നവരോടു പറയേണ്ട ആവശ്യമില്ല. റീശ്ശ ശബ്ദം അധികാരസൂചകമായി പ്രയോഗിയ്ക്കപ്പെട്ടിരിയ്ക്കുന്ന യക്കോബായ രേഖകൾ മുകളിൽ ഉദ്ധരിച്ചിട്ടുമുണ്ടു്. ആകയാൽ അവരുടെ എല്ലാവരുടേയും വലിയ തലവൻ” എന്നതിനു് “അവരുടെ എല്ലാവരുടേയും വലിയ അധികാരി” എന്ന അത്ഥം ഉണ്ടാകാമെന്നെങ്കിലും കാൎയ്യവിവരമുള്ളവർ സമ്മതിയ്ക്കാതിരിയ്ക്കയില്ല. തലവൻ എന്നതിനോടു “വലിയ” എന്ന വിശേഷണം കൂട്ടിച്ചേൎത്തിരിയ്ക്കുന്നതും ചിന്താവിഷയമാണു്. (ഇതു സംബന്ധിച്ചു വീണ്ടും പ്രസ്താവിക്കുന്നതാണു്.)

b) വേറെ ചില യാക്കോബായക്കാരുടെ അഭിപ്രായം കുറേക്കൂടി വിചിത്രമാണു്. “അവരുടെ എല്ലാവരുടേയും” എന്നതു “പാത്രിയർക്കീസുമാർ എല്ലാവരുടേയും” എന്നല്ല, പ്രത്യുത “എല്ലാ ജനങ്ങളുടേയും” എന്നു ഗ്രഹിയ്ക്കണംപോൽ! എന്നാൽ „നാലു പാത്രിയർക്കീസുമാരുണ്ടു്. അവരുടെ എല്ലാവരുടേയും വലിയ തലവൻ ഇന്നാരു് എന്നു പറയുന്ന വാക്യങ്ങളിൽ, പാത്രിയർക്കീസുമാരുടെ വലിയ തലവൻ എന്നല്ലാതെ എല്ലാജനങ്ങളുടെയും വലിയ തലവൻ എന്ന അത്ഥം ജനിപ്പിയ്ക്കുന്ന യാതൊരു സൂചനയും കാണപ്പെടുന്നില്ല. “അവരുടെ” എന്ന സൎവ്വനാമം മുമ്പു നിൽക്കുന്ന നാമങ്ങളെ മാത്രമാണല്ലോ സൂചിപ്പിയ്ക്കുന്നതു്.

c) “അവരുടെ എല്ലാവരുടേയും വലിയ തലവൻ റോമ്മാ പാത്രിയർക്കീസു്, അദ്ദേഹത്തിൻെറകൂടെ അവരുടെ എല്ലാവരുടേയും വലിയ തലവൻ അലക്സാന്ത്രിയാ പാത്രിയർക്കീസു്....” എന്നിങ്ങനെയാണു് പ്രസ്തുത കാനോൻെറ അത്ഥമെന്നു വേറെ ചിലർ. പാത്രിയർക്കീസുമാരിൽ ഓരോരുത്തനും മററു പാത്രിയർക്കീസുമാരെല്ലാവരുടേയും വലിയ തലവനാകുന്നു എന്നാണൊ ഇതിൻെറ അത്ഥം? ഈ അത്ഥം സുബുദ്ധിയ്ക്കു യോജിച്ചതല്ലെന്നു മാത്രം പറഞ്ഞാൽ മതിയാകുമെന്നു കരുതുന്നു.

d) “അല്ല, അവരുടെ എല്ലാവരുടേയും, എന്നതു് എല്ലാജനങ്ങളുടേയും എന്നാണു്. പാത്രിയർക്കീസുമാർ യോജിച്ചു് എല്ലാ ജനങ്ങളുടെ മേലും അധികാരം നടത്തുന്നു” എന്നിപ്രകാരം മററുചിലർ വാദിയ്ക്കു

ന്നു. സൎവ്വനാമത്തെപ്പററി മുകളിൽ പ്രസ്താവിച്ചതു തന്നെ ഒന്നുകൂടി ഇവിടെ ആവൎത്തിച്ചുകൊള്ളുന്നു.

“അദ്ദേഹത്തിൻെറ കൂടെ” എന്ന പ്രയോഗത്തിൻെറ അൎത്ഥം റീ. ശായ റോമ്മാ പാത്രിയക്കീസിനോടു് അലക്സാന്ത്രിയാ പാത്രിയക്കീസും അദ്ദേഹത്തോടു കുസ്തന്തിനോപ്പോളീസു പാത്രിയക്കീസും, അദ്ദേഹത്തോടു് അന്തിയോക്കിയാ പാത്രിയക്കീസും സ്ഥാനക്രമമനുസരിച്ചു യോജിച്ചു നില്ക്കണമെന്നാകുന്നു. എല്ലാവരും യോജിച്ചു് എല്ലാവരുടേയും സമൂഹം എല്ലാജനങ്ങളുടെയും തലയായി വൎത്തിയ്ക്കണമെന്ന അൎത്ഥം ജനിപ്പിയ്ക്കുന്ന യാതൊരു സൂചനയും പ്രസ്തുത കാനോനിൽ ഇല്ലെന്നു സ്വല്പമെങ്കിലും വ്യാകരണജ്ഞാനമുള്ളവരെ പറഞ്ഞു ധരിപ്പിയ്ക്കേണ്ട ആവശ്യമില്ല.

e) സുറിയാനിയിൽ “വാവു്” എന്ന അക്ഷരത്തിനു് ആ അൎത്ഥമുണ്ടു്, ഈ അൎത്ഥമുണ്ടു് എന്നെല്ലാം പറഞ്ഞു് ഇപ്പോൾ പ്രസ്താവിച്ച തരത്തിലുള്ള വ്യാഖ്യാനങ്ങൾ സൃഷ്ടിയ്ക്കുവാൻ പരിശ്രമിയ്ക്കുന്നവർ സുബുദ്ധിയ്ക്കു യോജിയ്ക്കാത്ത യാതൊരൎത്ഥവും സുറിയാനിയക്ഷരങ്ങൾക്കില്ലെന്നു സമ്മതിയ്ക്കേണ്ടതാണു്.

f) മേൽ പ്രസ്താവിച്ച വ്യാഖ്യാനങ്ങളുടെ അൎത്ഥശൂന്യത ഗ്രഹിച്ചിട്ടുള്ള ചിലർ റീശ്ശു ശബ്ദം അധികാരസൂചകമല്ല, വെറും ബഹുമാനസൂചകം മാത്രമാണു് എന്നു സമൎത്ഥിയ്ക്കുകയും റോമ്മാ അധികാരത്തിൽ നിന്നു മാറി നില്ക്കുവാൻ തീവ്രമായി യത്നിയ്ക്കുകയും ചെയ്യുന്നു. എന്നാൽ റീശ്ശു ശബ്ദം അധികാരസൂചകമാകാമെന്നെങ്കിലും ഇവർ സമ്മതിയ്ക്കേണ്ടതാണു്. ഇവിടെ അതു അധികാരത്തെ സൂചിപ്പിയ്ക്കുന്നില്ലെന്നു് ഇവർ തെളിയിയ്ക്കട്ടെ. യാക്കോബായക്കാരായ ഇവർ മോശെ ബർ കീഫോയുടെ വാക്യവും എഫേസൂസു സൂനഹദോസും സ്വീകരിയ്ക്കുന്ന സ്ഥിതിയ്ക്കു റോമ്മായിൽ ബഹുമാനം മാത്രം നിക്ഷേപിയ്ക്കുവാൻ ഇവൎക്കു് എങ്ങിനെ സാധിയ്ക്കും? നിക്കിയായുടേയും എഫേസൂസിൻേറയും വിശ്വാസം ഭിന്നമാണെന്നു യാക്കോബായക്കാർ പറയുമോ? നിക്കിയായുടെ എന്നു പറയുന്ന പ്രസ്തുത കാനോൻ ബർ എബ്രായ എടുത്തു പകൎത്തിയപ്പോൾ പുരാതന വിശ്വാസത്തെ അദ്ദേഹം ഭേദപ്പെടുത്തിയോ? അങ്ങനെ ചെയ്തെങ്കിൽ ബർ എബ്രായയെ യാക്കോബായക്കാർ ബഹുമാനിയ്ക്കേണ്ടതല്ല.

നിക്കിയായുടെ എന്നു പറയുന്ന വേറൊരു കാനോനിൽ നിന്നു, റീശ്ശു ശബ്ദത്തിനു മേലുദ്ധരിച്ച കാനോനിലുള്ള അൎത്ഥം ഏതെന്നു നമുക്കു നിസ്സംശയം ഗ്രഹിയ്ക്കുവാൻ കഴിയുന്നുണ്ടു്. നിക്കിയായുടെ എന്നു പറയുന്ന 84 കാനോനാകളിൽ 8_ാമത്തേതാണു് ഇപ്പോൾ പറഞ്ഞ കാനോനാ. ആ കാനോനാ പറയുന്നു:—

“ഒരു പാത്രിയക്കീസിനു തൻെറ
അധികാരത്തിലുള്ളവരുടെ മേൽ ܐܝܬ ܠܗ ܫܘܠܛܢܐ ܦܛܪܝܪܟܐ

ന്യായപ്രകാരം ഇഷ്ടമുള്ളതെല്ലാം പ്രവൎത്തിയ്ക്കുവാൻ അധികാരമുള്ളതുപോലെ, എല്ലാ പാത്രിയൎക്കീസുമാരുടെ മേലും റോമ്മായിലെ (പാത്രിയൎക്കീസിനു) അധികാരമുണ്ടാകേണ്ടതാകുന്നു. ഭാഗ്യപ്പെട്ട പത്രോസിനു പൊതുവിൽ എന്നപോലെതന്നെ....”.

ܠܡܥܒܕ ܟܠ ܕܨܒܐ ܫܘܠܛܢܐ
ܘܗܟܢ ܕܐܝܬ ܫܘܠܛܢܘܬܐ
ܐܝܟ ܕܗܘܐ ܫܘܠܛܢܐ ܠܗܘ
ܕܪܗܘܡܝ ܥܠ ܦܛܪ̈ܝܪܟܐ ܟܠܗܘܢ
ܐܝܟ ܛܘܒܢܐ ܦܛܪܘܣ ܥܠ
ܟܠܗ ܥܡܐ.

(codex de Propaganda Syriac. 27 p. 10.)

നിക്കിയായുടെ എന്ന പേരിൽ ബർ എബ്രായ ഉദ്ധരിയ്ക്കുന്ന കാനോനിലെ റീശ്ശ ശബ്ദത്തിൻെറ അൎത്ഥം നിക്കിയായിലെ എന്നറിയപ്പെടുന്ന മേലുദ്ധരിച്ച എട്ടാം കാനോനിൽ നിന്നു വിശദമാകുന്നില്ലയോ? റോമ്മാ പാത്രിയൎക്കീസിനു സാൎവ്വത്രിക സഭയിൽ പത്രോസിനുള്ള പരമാധികാരം തന്നെയുണ്ടെന്നാണല്ലൊ ഈ എട്ടാം കാനോൻ പ്രസ്താവിയ്ക്കുന്നതു്. ഈ സ്ഥിതിയ്ക്കു് ബർ എബ്രായ റീശ്ശ ശബ്ദത്തെ വെറും ബഹുമാനസൂചകം മാത്രമാക്കിയെങ്കിൽ നിക്കിയായുടെ എന്ന പേരിൽ അറിയപ്പെടുന്ന പുരാതന കാനോനിലുള്ളതും പൂൎവ്വികവും ആയ വിശ്വാസത്തെ അദ്ദേഹം മാററിയെന്നു പറയേണ്ടിവരും. അങ്ങനെ അദ്ദേഹം ചെയ്തെങ്കിൽ അതൊരു് മഹാപാതകമാണു്, സംശയമില്ല.

നിക്കിയായുടെ എന്നു പറയുന്ന 84 കാനോനാകൾ തങ്ങൾ സ്വീകരിയ്ക്കുന്നില്ലെന്നാണു് ഈ സാഹചൎയ്യങ്ങളിൽ ചില യാക്കോബായക്കാർ വാദിയ്ക്കുവാൻ മുതിരുന്നതു്. ചരിത്രജ്ഞാനമുള്ളവർ ഈ വിധത്തിൽ വാദിയ്ക്കുകയില്ല. ബർ എബ്രായയുടെ ഹൂദായ കാനോൻെറ പകൎപ്പുകൾ പരിശോധിയ്ക്കുവിൻ. ഏഴാം കേപ്പാലെ ഊൻ പത്താം പാസൂക്കോയിൽ ഇപ്രകാരം കാണും:—

“ഇതു നിക്കിയായുടെ രണ്ടാംപുസ്തകത്തിൽ നിന്നാകുന്നു. യൌനായക്കാരുടേയും സുറിയാനിക്കാരുടേയും ഇടയിൽ അതിലേ കാനോകളുടെ എണ്ണം എൺപത്തിനാലു്.”

ܗܕܐ ܡܢ ܟܬܒܐ ܬܪܝܢܐ
ܕܝܘܢܝܐ ܕܣܘܪܝܝܐ ܩܢ̈ܘܢܐ ܦ̄ܕ
ܩܢ̈ܘܢܐ ܕܠܘܬ ܝܘ̈ܢܝܐ ܘܣܘ̈ܪܝܝܐ

പ്രസ്തുത 84 കാനോനാകൾ ഇഗ്ഗപ്തായ നെസ്തോറിയൻ ആദിയായ സഭകളോടൊപ്പം യാക്കോബായ സഭയും സ്വീകരിയ്ക്കുന്നുണ്ടെന്നു് ചരിത്രജ്ഞൻമുള്ളവൎക്കെല്ലാം അറിയാവുന്നതാണു്. യാക്കോബായക്കാരെ സംബന്ധിച്ചിടത്തോളം മേലുദ്ധരിച്ച രേഖമതിയാകുമെന്നു കരുതുന്നു.

g) മലങ്കര സഭയുടെ എന്നു പറഞ്ഞുകൊണ്ടു് ചിലർ ഹാജരാക്കാറുള്ള കാനോനെൻറ ചില പകർപ്പുകളിൽ മേലുദ്ധരിച്ച 7-ാംകേപ്പാലെ ഊൽ ഒന്നാം പാസൂക്കോ വേറെ വിധത്തിൽ രേഖപ്പെടുത്തിയിരിയ്ക്കുന്നതു് ഇപ്രകാരമാണു്:

"7-ാം അദ്ധ്യായം: പട്ടത്വത്തെക്കുറിച്ചു്: നിഖ്യാസു നഹർദോസു നാലു പാത്രിയക്കീസുമാരെ നിശ്ചയിച്ചു. അവരിൽ അന്ത്യോഖ്യാ പാത്രിയക്കീസിനു കിഴക്കൊക്കെയിലും അധികാരമുണ്ടു്. ഓർശ്ലേമിനെൻറ മെത്രാപ്പോലീത്തായെ അഞ്ചാമത്തെ പാത്രിയക്കീസു് എന്നു വിളിച്ചിരിയ്ക്കുന്നു. കിഴക്കെ കാസോലിക്കാബാവാ അന്ത്യോഖ്യാ പാത്രിയക്കീസുബാവായുടെ കീഴാകുന്നു. എങ്കിലും അദ്ദേഹത്തിനു മെത്രാന്മാരേയും എപ്പിസ്കോപ്പെന്മാരേയും പട്ടംകൊടുപ്പാൻ അധികാരമുണ്ടു്. എല്ലാ പള്ളികളിലും അദ്ദേഹത്തിനെൻറ പേരുംകൂടി ഓക്കണം?"

എന്നാൽ കേരളത്തിലല്ലാതെ ലോകത്തിൽ വേറൊരിടത്തും ഈ ഭാഗം ബർ എബ്രായയുടെ കാനോനിൽ കാണുകയില്ല. തന്നിമിത്തം യാക്കോബായ രേഖകളെ അടിസ്ഥാനപ്പെടുത്തിയുള്ള നമ്മുടെ പ്രസ്താവനകളിൽ ഈ വ്യത്യാസത്തെപ്പററി പ്രതിപാദിയ്ക്കേണ്ട ആവശ്യമില്ലതന്നെ.

"നിക്കിയായിൽവച്ചു് ഭരണസൌകൎയ്യത്തിനായി നാലു പാത്രിയക്കീസുമാർ നിശ്ചയിയ്ക്കപ്പെട്ടു. അവർ സമന്മാരാണു്. അവരിൽ കൂടുതൽ ബഹുമാനമുള്ളയാൾ റോമ്മാപാത്രിയക്കീസാകുന്നു" എന്നു മാത്രമേ ബർ എബ്രായയുടെ കാനോനു് അൎത്ഥമുള്ളു എന്നു ചില യാക്കോബായക്കാർ ഇപ്പോൾ വാദിയ്ക്കുന്നതു സ്വീകാൎയ്യമല്ലെന്നു ഇതുവരെയും പ്രസ്താവിച്ചവയിൽ നിന്നു തെളിയുന്നു. ഇങ്ങനെ വാദിയ്ക്കുന്നവർ യാക്കോബായക്കാരയതുകൊണ്ടു് പത്രോസിനെൻറ പരമാധികാരം സ്വീകരിയ്ക്കേണ്ടവരാണു്. ആകയാൽ നിക്കിയാവരെ സഭയിൽ ആ പരമാധികാരം ഉണ്ടായിരുന്നെന്നൊ ഇല്ലായിരുന്നെന്നൊ അവർ സമ്മതിയ്ക്കണം. ഉണ്ടായിരുന്നെങ്കിൽ നിക്കിയാ അതു നിറുത്തലാക്കിയെന്നും തദ്വാരാ പുരാതന വിശ്വാസത്തെയും സഭാഘടനയേയും ഭേദപ്പെടുത്തിയെന്നും സിദ്ധിയ്ക്കുന്നു: ഇതു യാക്കോബായക്കാർക്കും സ്വീകാൎയ്യമല്ല. ഇല്ലായിരുന്നെങ്കിൽ പത്രോസു മരിച്ചശേഷം പരമാധികാരിയല്ലാതെ സഭാഭരണം ഒന്നിലധികം സമാധികാരികളിൽ നിക്ഷിപ്തമായെന്നും അങ്ങനെ സഭാഘടന ഭേദപ്പെട്ടെന്നും സിദ്ധിയ്ക്കുന്നു: ഇതും സ്വീകാൎയ്യമല്ലെന്നു മുകളിൽ തെളിയിച്ചതാണു്. ആകയാൽ നിക്കിയായിലെ എന്നറിയപ്പെടുന്ന കാനോനാകളുടെ വാക്യരീതി പുരാതന വിശ്വാസത്തിനു വിരുദ്ധമായ ഒരു സംഗതി ഏർപ്പെടുത്തുന്ന അൎത്ഥത്തിൽ ഗ്രഹിയ്ക്കേണ്ടതല്ല എന്നു സിദ്ധിയ്ക്കു

നു. ഈ സ്ഥിതിയ്ക്കു, പത്രോസിന്റെ പരമാധികാരം നിഷേധിച്ചാൽ മാത്രമേ നിക്കിയായിൽ സമാധികാരികളായ പാത്രിയക്കീസുമാർ നിശ്ചയിയ്ക്കപ്പെട്ടു എന്ന വാദം ഒരു യാക്കോബായക്കാരനു ഉന്നയിയ്ക്കുവാൻ സാധിയ്ക്കുകയുള്ളൂ. എന്നാൽ യാക്കോബായ രേഖകൾക്കെതിരായി ഒരു യഥാർത്ഥ യാക്കോബായക്കാരൻ പത്രോസിന്റെ പരമാധികാരം നിഷേധിയ്ക്കുന്നതെങ്ങിനെ? ചിന്തകനായ ഒരു യാക്കോബായക്കാരൻ എത്ര വലിയ വിഷമസന്ധിയിലാണു് എത്തിച്ചേരുന്നതെന്നു സൂക്ഷിച്ചാലും! ഈ വിഷമസന്ധിയിൽ നിന്നു രക്ഷപ്രാപിയ്ക്കുവാൻ ചിലർ പ്രയോഗിച്ചു തുടങ്ങിയിരിയ്ക്കുന്ന ഉപായത്തെപ്പറ്റി തുടർന്നു പ്രസ്താവിയ്ക്കാം.

അന്തിയോക്കിയാ അല്ല.

വി. പത്രോസിനു പരമാധികാരമുണ്ടെന്നും പരമാധികാരത്തിൽ പത്രോസിന്റെ പിൻഗാമി അന്തിയോക്കിയാ പാത്രിയക്കീസാണെന്നും വാദിച്ചാൽ സ്വന്തം നില ഉറപ്പിയ്ക്കാമെന്നു ഇപ്പോൾ പറഞ്ഞകൂട്ടർ വിചാരിയ്ക്കുന്നു. മെത്രാന്മാരെയും, പ്രത്യേകം പാത്രിയക്കീസിനേയും വാഴിയ്ക്കുന്ന അവസരത്തിൽ മ്ശിഹാ പത്രോസിനോടു അരുളിച്ചെയ്ത വാക്കുകൾ ഉച്ചരിച്ചുകൊണ്ടു നടത്തുന്ന ശുശ്രൂഷകൾ തങ്ങളുടെ വാദത്തിനു താങ്ങായി ഇവർ കരുതുന്നുണ്ടാവാം.

എന്നാൽ മോശെ ബർ കീഫായെപ്പോലെയുള്ള പ്രമാണ യാക്കോബായ വേദാന്തികളുടെ മേലുദ്ധരിച്ച സാക്ഷ്യങ്ങളെ നിഷേധിയ്ക്കാതെ ഈ വാദം മുമ്പോട്ടു കൊണ്ടുപോകാവുന്നതല്ലെന്നു് ആദ്യമായി പ്രസ്താവിച്ചുകൊള്ളുന്നു. കൂടാതെയും, പത്രോസ് എവോദിയൂസിനെ അന്തിയോക്കിയായിൽ ആക്കിയശേഷം റോമ്മായിയ്ക്കു പോയെന്നാണല്ലോ യാക്കോബായ രേഖകൾ പ്രസ്താവിയ്ക്കുന്നതു്. പത്രോസ് ജീവിച്ചിരുന്നപ്പോൾ പത്രോസു തന്നെയായിരുന്നു പരമാധികാരി; എവോദിയൂസല്ലായിരുന്നു. ആകയാൽ പരമാധികാരം അന്തിയോക്കിയായോടു ഘടിപ്പിച്ചശേഷമല്ല പത്രോസു റോമ്മായിയ്ക്കു പോയതെന്നു സിദ്ധിയ്ക്കുന്നു. തനിയ്ക്കില്ലായിരുന്ന ഒന്നു് എവോദിയൂസ് തന്റെ പിൻഗാമിക്കു നൽകുന്നതെങ്ങിനെ?

വീണ്ടും, അന്തിയോക്കിയാ പാത്രിയക്കീസിനു പരമാധികാരമുണ്ടെന്നു പറയുന്നവർ ഏതു് അന്തിയോക്കിയ പാത്രിയക്കീസിനെയാണു് മനസ്സിലാക്കുന്നതു്? മൽക്കായാ, മറോനായാ, (അന്തിയോക്കിയാ) സുറിയാനി, ലത്തീൻ, യൌനായ, യാക്കോബായ എന്നിങ്ങനെ ആറുപേർ അന്തിയോക്കിയാപാത്രിയാക്കാ നാമധാരികളായി ഇന്നറിയപ്പെടുന്നുണ്ടു്. ഇവരിൽ ആദ്യത്തെ നാലുപേരും കത്തോലിയ്ക്കരാകയാൽ റോമ്മായുടെ പരമാധികാരം സ്വീകരിക്കുന്നവരാണു്. തനിയ്ക്കാകട്ടെ പത്രോസിനാകട്ടെ പരമാധികാരമില്ലെന്നു പറയുന്ന ആളാണു്

അന്തിയോക്കിയാ യൌനായ പാത്രിയക്കീസ്. ആകയാൽ, ശേഷിച്ചിരിയ്ക്കുന്ന അന്തിയോക്കിയാ യാക്കോബായ പാത്രിയക്കീസ് സാൎവ്വത്രിക സഭയിൽ താൻ പരമാധികാരിയാണെന്നു വാദിക്കുന്നുണ്ടോ എന്നു പരിശോധിച്ചാൽ മതി. ഈജിപ്റ്റായ, അൎമ്മനായ സഭകളെ സഹോദരീസഭകളായും, ആ സഭകളുടെ പാത്രിയക്കീസുമാരെ സമന്മാരായ സഹോദരന്മാരായും യാക്കോബായ പാത്രിക്കീസു പരിഗണിക്കുന്നു. സമനെങ്കിലും മൂത്ത സഹോദരൻ എന്ന നിലയിലാണു് ഈജിപ്റ്റായ പാത്രിയക്കീസു കരുതപ്പെടുന്നതു്. സമന്മരിൽ ഒരാൾ എന്നല്ലാതെ, സാൎവ്വത്രികസഭയിൽ താൻ പരമാധികാരിയാണെന്നുള്ള ബോധമോ തദനുസരണമായ പ്രവൃത്തിയോ യാക്കോബായ പത്രിയക്കീസിൻെറ ഭാഗത്തില്ലന്നല്ലയൊ അദ്ദേഹത്തിൻെറ ഈ പ്രവൃത്തി വിശദീകരിക്കുന്നതു്? കൂടാതെയും, "അന്തിയോക്കിയായുടേയും കിഴക്കൊക്കെയുടേയും പാത്രിയക്കീസു്" എന്നുമാത്രമേ യാക്കോബായ പാത്രിയക്കീസു ഔദ്യോഗികരേഖകളിൽ തന്നെപ്പററി പറയാവുള്ളൂ. ബർ എബ്രായയുടെ കാനോനിലും, മലങ്കരസഭയുടെ എന്നു പറഞ്ഞുചിലർ ഹാജരാക്കീട്ടുള്ളതായി മുകളിൽ പറഞ്ഞ ചില കാനോൻപകർപ്പുകളിലും അന്ത്തിയോക്കിയാ പാത്രിയക്കീസിനു കിഴക്കൊക്കെയിലും അധികാരമുണ്ടു് എന്നു മാത്രമേ കാണുന്നുള്ളൂ. ഈ സ്ഥിതിക്കു് യാക്കോബായ പാത്രിയക്കീസിൽ യാതൊരുവിധത്തിലും പരമാധികാരം നിക്ഷേപിയ്ക്കാവുന്നതല്ല. യാക്കോബായസഭ സ്വീകരിക്കുന്ന എഫേസൂസു സൂനഹദോസിൻെറ വിശ്വാസപ്രകാരം പരമാധികാരി റോമ്മാ മാർപ്പാപ്പാ ആകുന്നു. അന്തിയോക്കിയാ പാത്രിയക്കീസായിരുന്ന യോഹന്നാന് എഫേസൂസിൽവച്ചുണ്ടായ അനുഭവത്തെയും അനന്തരസംഭവങ്ങളെയും പററി മുകളിൽ പ്രസ്താവിച്ചവയും ഈ സന്ദർഭത്തിൽ നമുക്കു ചിന്താവിഷയമാക്കാം.

അന്തിയോക്കിയായും യാക്കോബ്യരും.

യാക്കോബായ പത്രിയക്കീസിനൊ വേറെ ഏതെങ്കിലും അന്തിയോക്ക്യാ പാത്രിയക്കീസിനോ പത്രോസിൻെറ പരമാധികാരം അവകാശപ്പെടുവാൻ യാതൊരു അർഹതയുമില്ല. യാക്കോബായ പാത്രിയക്കീസിൻെറ കാൎയ്യം പറയുകയാണെങ്കിൽ, വി. പത്രോസു അന്തിയോക്കിയായിൽ സ്ഥാപിച്ച എവോദിയൂസിൻെറ പിൻഗാമിയാണു് താൻ എന്നു പറയുവാൻപോലും അദ്ദേഹത്തിനു അർഹതയില്ല. അന്തിയോക്കിയായിൽ ഒരു പാത്രിക്കീസുണ്ടായിരുന്നപ്പോഴാണു് അന്തിയോക്കിയാ പാത്രിയക്കീസ് എന്നപേരിൽ യാക്കോബായ പാത്രിയക്കീസു പ്രത്യക്ഷനായതു്. കൽക്കിദോനിയാ സൂനഹദോസു സ്വീകരിയ്ക്കാതെ നിന്ന മെത്രാന്മാരെ ജസ്ററീനിയൻ ചക്രവൎത്തി നാടുക

ടത്തുകയോ തടവിലിടുകയോ ചെയ്തു. കുസ്തന്തിനോപ്പോളീസിൽ കാരാഗ്രഹവാസം ചെയ്തിരുന്ന അലക്സാന്ത്രിയായിലെ തിമോഥോസിയസിൽനിന്നു രഹസ്യത്തിലും രാത്രിയസമയത്തും യാക്കോബുബുർദാനാ കൈവയ്പ് സ്വീകരിച്ചു് ബുർദ്ആ അഥവാ കട്ടകജിനിത്തുണി പുതച്ചു് വേഷം മാറി നടക്കുകയും അനേകം മെത്രാന്മാരെയും പട്ടക്കാരെയും ശെമ്മാശന്മാരെയും പട്ടംകൊടുത്തു തന്റെ അനുഗാമികളാക്കുകയും ചെയ്തു. ഈ യാക്കോബിൽനിന്നാണു്, അല്ലാതെ ഇസ്രായേലായ പൂർവ്വ യാക്കോബിൽനിന്നല്ല യാക്കോബായ എന്ന നാമം ഉൽഭവിച്ചിട്ടുള്ളതു്. 1465-ാം കാലത്തോടടുത്തു് ഒരു യാക്കോബായക്കാരനാൽ എഴുതപ്പെട്ട ഒരു യാക്കോബായ പഞ്ചാംഗം വത്തിക്കാൻ ഗ്രന്ഥശാലയിൽ സൂക്ഷിച്ചിട്ടുണ്ടു് (Coslex Vatic. Syr. 63, 12) അതിൽ കർക്കടകം 30-ാം തീയതിക്കു കുറിച്ചിരിക്കുന്ന ഓർമ്മയിൽ ഈ സംഗതി വിശദമായി പ്രസ്താവിച്ചിട്ടുണ്ടു്. അതിങ്ങനെയാണു്:—

"മോർ യാക്കോബ് ബുർദ്ആയോ. അദ്ദേഹംനിമിത്തം നമ്മൾ യാക്കോബായക്കാർ എന്നു വിളിക്കപ്പെട്ടു."

ܡܪܝ ܝܥܩܘܒ ܒܘܪܕܥܝܐ
ܕܡܛܠܬܗ ܐܬܟܢܝܢܢ
ܝܥܩܘܒܝ̈ܐ.

ബർ എബ്രായയും ഇതുതന്നെ സമ്മതിച്ചുപറയുന്നു (Chromicle I 218.)

തന്റെ അനുഗാമികൾക്കായി യാക്കോബുബുർദാനാ ആദ്യം ഥെല്ലാക്കാരൻ സർഗ്ഗീസിനേയും പിന്നീടു ഒരു പൌലോസിനെയും അന്തിയോക്കിയാ പാത്രിയർക്കീസ് എന്ന അഭിധാനത്തിൽ അഭിഷേചിച്ചു് അന്തിയോക്കിയായിൽനിന്നു വളരെ ദൂരെ സ്ഥാപിച്ചു. എന്നാൽ അന്തിയോക്കിയായിൽ വേറൊരു പാത്രിയർക്കീസുണ്ടായിരുന്നു. കുറെ മുമ്പു അന്തിയോക്കിയായിൽ നിന്നു ബഹിഷ്കൃതനായ സെവേരുസിന്റെ പിൻഗാമിയായിട്ടത്രേ സർഗ്ഗീസു വാഴിക്കപ്പെട്ടതു്. അന്തയോക്കിയായിൽ ഒരു പാത്രിയർക്കീസു ഭരണം നടത്തുമ്പോൾ, അന്തിയോക്കിയാ പാത്രിയർക്കീസ് എന്ന നാമത്തോടെ, അന്തിയോക്കിയായിൽനിന്നു വളരെ ദൂരെ ഒരാൾ പ്രത്യക്ഷനായാൽ അയാളുടെ അവകാശവാദത്തെപ്പറ്റി എന്തു പറയാനാണു്! യാക്കോബായ പാത്രിയർക്കീസുമാർ നാളിതുവരെ അന്തിയോക്കിയായിൽ വസിച്ചിട്ടില്ലെന്നും പ്രസ്താവയോഗ്യമാണു്. സത്യവിശ്വാസത്തെ പുനരുദ്ധരിക്കുവാൻ എഴുന്നേററ ആളാണു് യാക്കോബുർദാനാ എന്നു വാദിക്കുന്ന യാക്കോബായാക്കാർ എഫേസൂസു സൂനഹദോസു റോമ്മായുടെ പരമാധികാരം സംബന്ധി

ച്ചു നമുക്കു പ്രദാനം ചെയ്യുന്ന തെളിവുകൾ പരിശോധിയ്ക്കട്ടെ. എഫേസൂസിലെ വിശ്വാസപ്രകാരം റോമ്മായ്ക്കുള്ള ആ പരമാധികാരത്തിൽ നിന്നു വിട്ടുമാറുകയും, വിശ്വാസം പുനരുദ്ധരിയ്ക്കുവാനെന്ന ഭാവേന രംഗത്തു പ്രവേശിയ്ക്കുകയും ചെയ്യുന്ന യാക്കോബുർദാനായെപ്പോലെയുള്ളവർ എഫേസൂസിലെ സൂനഹദോസു് സ്വീകരിയ്ക്കുന്നവരായ യാക്കോബായക്കാരുടെ ദൃഷ്ടിയിൽ വിശ്വാസം പുനരുദ്ധരിയ്ക്കുന്നവരല്ല, പ്രത്യുത, പുരാതന വിശ്വാസമനുസരിച്ചു പ്രവർത്തിയ്ക്കാത്തവരാകണം.

കണ്ടാലും, ചിന്തകനായ ഒരു യാക്കോബായക്കാരൻ വീണ്ടും വിഷമസന്ധിയിൽ വന്നെത്തുന്നു. പുരാതന വിശ്വാസത്തിനും യുക്തിയ്ക്കും യോജിച്ച വിധത്തിൽ വ്യാപരിയ്ക്കുവാൻ അവനു ശേഷിച്ചിരിയ്ക്കുന്ന ഏകമാർഗ്ഗം യാക്കോബായ സഭയെ പരിത്യജിച്ചു് റോമ്മാ മാപ്പാപ്പായുടെ പരമാധികാരം—ദൈവസ്ഥാപിതമായ ആ പരമാധികാരം—സ്വീകരിയ്ക്കുക മാത്രമാകുന്നു. രക്ഷപ്രാപിയ്ക്കുവാൻ ഇപ്രകാരം ചെയ്കേ മതിയാവൂ.

മലങ്കര അന്തിയോക്കിയാബന്ധം.

മാപ്പാപ്പായിയ്ക്കു കീഴ്പ്പെടുന്നതോടെ അന്തിയോക്കിയാ യാക്കോബായ ബന്ധം അശേഷം ത്യജിയ്ക്കേണ്ടിവരുമെന്നു സ്പഷ്ടമാണു്. എന്നാൽ കേരളീയനായ ഒരു യാക്കോബായക്കാരനു് അന്തിയോക്കിയാ യാക്കോബായ ബന്ധം പരിത്യജിയ്ക്കുവാൻ വലുതായ എന്തെങ്കിലും പ്രയാസമുണ്ടാകേണ്ടതല്ല.

കൂനൻ കുരിശു സത്യത്തിന്റെ കാലമായ 1653 വരെ കത്തോലിയ്ക്കരായി നിന്നവരിൽ ഒരു ഭാഗം, പോർട്ടുഗീസുകാരെ സ്വീകരിയ്ക്കുകയില്ലെന്നു കൂനൻ കുരിശിൽ കയറുകെട്ടി സത്യം ചെയ്തു പിരിഞ്ഞതിന്റെ അനന്തരഫലമാണു് കേരളത്തിലെ യാക്കോബായസഭ. യാക്കോബായ വിശ്വാസത്തിനു ചെവി കൊടുത്തതോടെ അവർ പുത്തൻകൂറുകാരെന്നു വിളിയ്ക്കപ്പെട്ടു. കൂനൻ കുരിശു സത്യം കഴിഞ്ഞശേഷം തങ്ങളുടെ നേതാവായിരുന്ന തോമ്മാ അർക്കദിയാക്കോനെ പന്ത്രണ്ടു പട്ടക്കാർ കൂടി മെത്രാൻ വേഷം കെട്ടിച്ചു. സാധുവായ പട്ടം കിട്ടുവാൻ അർക്കദിയാക്കോൻ നടത്തിയ പരിശ്രമങ്ങളുടെ ഫലമായി 1663-ൽ യാക്കോബായക്കാരനായ ഒരു മാർ ഗ്രീഗോറിയൂസു് കേരളത്തിൽ വന്നു. അദ്ദേഹത്തിന്റെ വിശ്വാസം ശ്രവിച്ചവർ പുത്തൻകൂറുകാർ എന്നും പഴയ വിശ്വാസം പാലിച്ചവർ പഴയകൂറുകാർ എന്നും വിളിയ്ക്കപ്പെട്ടു. സർക്കാർ രേഖകളിൽ പോലും ഈ പേരുകൾ കാണാവുന്നതാകുന്നു.

ഒന്നാം മാർത്തോമ്മാ എന്നാണു് തോമ്മാ അർക്കദിയാക്കോൻ ചരിത്രത്തിൽ അറിയപ്പെടുന്നതു്. അദ്ദേഹത്തിന്റെ പിന്നാലെ രണ്ടും

മൂന്നും നാലും അഞ്ചും മാർത്തോമ്മാമാർ പ്രത്യക്ഷരായി. സാധുവായി പട്ടം സ്വീകരിയ്ക്കുവാൻ ഇവരെല്ലാവരും തന്നെ തീവ്രമായി പ്രയത്നിച്ചു കൊണ്ടിരുന്നു. അതിലേയ്ക്കു് അന്തിയോക്കിയാ യാക്കോബായ പാത്രിയക്കീസിനെ ആശ്രയിയ്ക്കുകയും വിദേശത്തുനിന്നു യാക്കോബായ മെത്രാന്മാരെ വരുത്തുകയും ചെയ്തു. ഇങ്ങനെ വന്ന മെത്രാന്മാർ തോമ്മാമാർക്കു പട്ടംകൊടുക്കുന്നതിനു പകരം പള്ളികളിലെ പ്രതിമകൾ തകർക്കുക, കേരളത്തിൽ ഭരണം നടത്തുവാൻ ഉദ്യമിക്കുക ആദിയായ പ്രവൃത്തികൾ ചെയ്തിരുന്നു. ഈദൃശ പ്രവൃത്തികൾ നിമിത്തം ഒരു മാർ യോഹന്നാനെ കൊച്ചീരാജാവു തടവിലിടുകയും ഡച്ചുകാർ 1751_ൽ ബസ്രായിലേയ്ക്കു കരകടത്തുകയും ചെയ്തു.

ഇങ്ങനെയിരിക്കവെ അഞ്ചാം തോമ്മായുടെ ആവശ്യപ്രകാരം 1751_ൽ ഡച്ചുകാർ കേരളത്തിൽ കൊണ്ടുവന്ന ഒരു മാർ ഗ്രീഗോറിയൂസ് 1772_ൽ നിരണത്തുവച്ചു് ആറാം തോമ്മായെ ഒന്നാം മാർ ദിവന്നാസിയൂസായി വാഴിച്ചു. മാർ ദിവന്നാസിയൂസിന്റെ പ്രതിയോഗിയായ ഒരു മാർ കൂറിലോസും (കാട്ടുമങ്ങാട്ടു റമ്പാൻ) മാർ ഗ്രീഗോറിയൂസിനാൽ മെത്രാൻപദത്തിലുയർത്തപ്പെട്ടു. എന്നാൽ സർക്കാർ ബലത്തോടെ മാർ ദിവന്നാസിയൂസ് പ്രതിയോഗിയെ ബ്രിട്ടീഷിലുള്ള അഞ്ഞൂറിലേയ്ക്കു (തൊഴിയൂർ) നാടുകടത്തി. ഇങ്ങനെ ഒരു സ്വതന്ത്രസഭയായ അഞ്ഞൂർസഭ ഉൽഭവിച്ചു.

സാധുവായി പട്ടംസ്വീകരിച്ചശേഷം ഒന്നാം മാർ ദിവന്നാസിയൂസ് അന്തിയോക്കിയരെ ആശ്രയിച്ചില്ല. ദിയസ്കോറോസു എന്ന ഒരു യാക്കോബായ മെത്രാൻ വിദേശത്തുനിന്നു വന്നു പണം പിരിച്ചപ്പോൾ മാർ ദിവന്നാസിയൂസു തിരുവിതാംകൂർ സർക്കാരിൽ ബോധിപ്പിച്ചു അദ്ദേഹത്തെ നാടുകടത്തുകയാണുണ്ടായതു്. അതുമല്ല, പിൻഗാമിയായി അനന്തിരവനായ ഏഴാം മാർത്തോമ്മായെ മാർ ദിവന്നാസിയൂസുതന്നെയാണു് മെത്രാൻപട്ടം കൊടുത്തു വാഴിച്ചതു്. യാക്കോബായ പത്രിയക്കീസിനെ അദ്ദേഹം ആശ്രയിച്ചതേയില്ല. പിൻഗാമിയെ വാഴിയ്ക്കുന്നതിനു മുമ്പു് ആറുമാസക്കാലത്തോളം മാർ ദിവന്നാസിയൂസ് കത്തോലിയ്ക്കനായി ജീവിച്ചു എന്നും പ്രസ്താവയോഗ്യമാണു്. അപ്പോൾ കേരളീയ യാക്കോബായ സഭയിൽ മെത്രാനില്ലായിരുന്നു!

ഏഴാം മാർത്തോമ്മാ എട്ടാം മാർത്തോമ്മായേയും എട്ടാം മാർത്തോമ്മാ ഒമ്പതാം മാർത്തോമ്മായേയും അന്തിയോക്കിയായിൽ ആശ്രയിയ്ക്കാതെ വാഴിച്ചു സഭാഭരണം കയ്യേല്പിച്ചു. അനന്തിരാവകാശമുറയ്ക്കുള്ള മെത്രാൻസ്ഥാനം ഒമ്പതാം മാർത്തോമ്മായോടുകൂടി അവസാനിയ്ക്കുകയും ചെയ്തു.

1815-ൽ ഇട്ടുപ്പ്ം റമ്പാൻ അന്നത്തെ അഞ്ചൂർ മെത്രാനിൽ നിന്നു മെത്രാൻപട്ടവും രണ്ടാം മാർ ദിവന്നാസിയൂസ് എന്ന നാമവും സ്വീകരിച്ചു് സക്കാർ ബലത്തോടെ ഒമ്പതാം മാർത്തോമ്മായെ സ്ഥാനഭ്രംശം ചെയ്തു. ഇവിടെയും അന്തിയോക്കിയാ ബന്ധത്തിനു സ്ഥാനം കാണുന്നില്ല. പിൻഗാമിയെ വാഴിയ്ക്കാതെ രണ്ടാം മാർ ദിവന്നാസിയൂസു മരിയ്ക്കയാൽ അഞ്ചൂർ മെത്രാൻ വീണ്ടും മൂന്നാം മാർ ദിവന്നാസിയൂസിനു വാഴ്ചകൊടുത്തു. മൂന്നാം മാർ ദിവന്നാസിയൂസിന്റെ പിൻഗാമിയായ നാലാം മാർ ദിവന്നാസിയൂസിനെ 1825 ൽ വാഴിച്ചതും അഞ്ചൂർ മെത്രാൻ തന്നെ.

സാധുവായ പട്ടത്തിനുവേണ്ടി മാത്രമാണു് കൂനൻകുരിശു സത്യത്തിൽ പങ്കെടുത്തവർ യാക്കോബായ പാത്രിയർക്കീസിനെ ആദ്യം ആശ്രയിച്ചതെന്നു ഇതുവരെ പ്രസ്താവിച്ചവ വിശദമാക്കുന്നു. സാധുവായ പട്ടം ലഭിച്ചുകഴിഞ്ഞപ്പോൾ അന്തിയോക്കിയായെ അവർ വിസ്മരിയ്ക്കുകതന്നെ ചെയ്തു. ചില നമസ്ക്കാരങ്ങളിൽ പാത്രിയർക്കീസിന്റെ പേരു ചൊല്ലിയിരുന്നതു മാത്രമായിരുന്നു അക്കാലങ്ങളിൽ അന്തിയോക്കിയാബന്ധം സൂചിപ്പിച്ചിരുന്ന ദുർബലമായ ലക്ഷ്യം. 1822-ൽ മൂന്നാം മാർത്തോമ്മാ തന്റെ സഭ യാക്കോബായ പാത്രിയർക്കീസിന്റെ കീഴാണെന്നു അന്നു റസിഡൻറായിരുന്ന മൺറോസായ്‌വിനെ അറിയിയ്ക്കുകയുണ്ടായി. പക്ഷെ അദ്ദേഹം പട്ടം സ്വീകരിച്ചതു യാക്കോബായ പാത്രിയർക്കീസുമാരുടെ നിർദ്ദേശങ്ങൾക്കെതിരായിരുന്നു എന്നു നമുക്കറിയാം. ആകയാൽ പ്രോട്ടസ്റ്റന്റു കൈകടത്തൽ തടയുവാൻ അദ്ദേഹം പ്രസ്താവന നടത്തിയതായിട്ടു കരുതേണ്ടതുള്ളു. തുടർന്നു പറയുന്ന സംഗതികൾ ഇതിനെ വിശദീകരിയ്ക്കുന്നവയാണു്.

കത്തോലിയ്ക്കാ സഭയിൽ പ്രവേശിച്ചുശേഷം തിരിച്ചുപോയ ഒന്നാം മാർ ദിവന്നാസിയൂസ് നടത്തിയ പരിശ്രമത്തിന്റെ ഫലമായി 19-ാം ശതാബ്ദത്തിന്റെ ആരംഭം മുതൽ പ്രൊട്ടസ്റ്റന്റുകാർ കേരളീയ യാക്കോബായക്കാരുടെയിടയിൽ വേലചെയ്തുതുടങ്ങി. നാലാം മാർ ദിവന്നാസിയൂസിന്റെ കാലത്തു പ്രോട്ടസ്റ്റന്റു കൈകടത്തൽ ശക്തിപ്പെട്ടപ്പോൾ, അദ്ദേഹം യാക്കോബായ പാത്രിയർക്കീസിനെ അഭയം പ്രാപിയ്ക്കുകയും, പാത്രിയർക്കീസു ഒരു മാർ അത്തനാസിയൂസിനെ 1825-ൽ കേരത്തിലേയ്ക്കയക്കുകയും ചെയ്തു. മാർ അത്തനാസിയൂസു നിമിത്തമുണ്ടായ വഴക്കുകൾ ഹേതുവാൽ തിരുവിതാംകൂർ സക്കാർ അദ്ദേഹത്തെ നാടുകടത്തി. അദ്ദേഹത്തെ അനുഗമിച്ചവർ സക്കാരിൽ പിഴയൊടുക്കേണ്ടതായും വന്നു.

പ്രോട്ടസ്റ്റന്റുകാരുമായുണ്ടായ വഴക്ക മൂത്തു ഇരുകൂട്ടരും തമ്മിൽ വസ്തുക്കൾ വിഭജിച്ചു് അന്യോന്യം മാറിയതോടെ

പുത്തൻ കൂറുകാരിൽ ഒരു ചെറിയ വിഭാഗം സി. എം. എസ്സ്കാരായി തീൎന്നു. ശേഷിച്ചവരിൽ ചിലൎക്കു നവീകരണഭ്രമവും പിടിപെട്ടു. പാലക്കുന്നത്തു മാത്യൂസ് ശെമ്മാശനെ അവർ യാക്കോബായ പാത്രിയൎക്കീസിൻെറ പക്കലയച്ചു. മാർ മാത്യൂസു അത്തനാസിയൂസ് മെത്രാപ്പോലീത്താ എന്ന നാമത്തോടെ അദ്ദേഹം തിരിച്ചെത്തി. പാത്രിയൎക്കീസിൻെറ സ്താത്തിക്കോൻ കാണിച്ചുകൊണ്ടു താൻ മലങ്കരമെത്രാപ്പോലീത്തായാണെന്നു അദ്ദേഹം പ്രഖ്യാപനം ചെയ്തു. ഇന്നു യാക്കോബായ പത്രിയൎക്കീസു കേരളത്തിൽ പ്രയോഗിയ്ക്കുന്ന തരം അധികാരം മാർ മാത്യൂസ് അത്താനാസിയൂസാണു് അദ്ദേഹത്തിനു കൊടുത്തതെന്നു ഇതിൽനിന്നു വിശദമാകുന്നു.

മാർ മാത്യൂസു അത്തനാസിയൂസ് നവീകരണക്കാരനാണെന്നും മററും നാലാം മാർ ദിവന്നാസിയൂസ്, പാത്രിയൎക്കീസിനെ അറിയിച്ചു. സഹായത്തിനായി പാത്രിയൎക്കീസയച്ച ഒരു മാർക്കൂറിലോസിനു് നാലാം മാർ ദിവന്നാസിയൂസ് തൻെറ അധികാരം മുഴുവൻ വിട്ടുകൊടുത്തു. മാർ മാത്യൂസു അത്താനാസിയൂസിനായിരുന്ന സർക്കാർ സഹായം. മാർ കൂറിലോസു വഞ്ചകനും നാലാം മാർ ദിവന്നാസിയൂസ് വഞ്ചനയ്ക്കു സഹായിച്ചവനും ആണെന്നു തീരുമാനമുണ്ടായതിനാൽ മാർ കൂറിലോസു നിസ്സഹായനായി ചുററിനടക്കേണ്ടിവന്നു.

ഇപ്പോഴും പറഞ്ഞ മാർ കൂറിലോസിൻെറ പരിശ്രമത്താൽ അന്തിയോക്കിയൻ റീത്തും പാശ്ചാത്യ സുറിയാനിയും കേരളത്തിൽ പൂൎവ്വാധികം പ്രചരിയ്ക്കുവാനിടയായി. അദ്ദേഹത്തിൻെറ കാലത്തും അതിനു മുമ്പും കൽദായ റീത്തും കൽദായ ലിപികളും പുത്തൻകൂറുകാർ ധാരാളമുപയോഗിച്ചിരുന്നു. അന്നു കൽദായ ലിപികളിൽ എഴുതപ്പെട്ട വളരെ പുസ്തകങ്ങൾ ഇന്നും പല സ്ഥലങ്ങളിൽ സൂക്ഷിയ്ക്കപ്പെട്ടുന്നുണ്ടു്. ചില അന്തിയോക്കിയൻ ശുശ്രൂഷകൾപോലും കൽദായ ലിപികളിലാണു് എഴുതിയിരുന്നതു്.

മാർ കൂറിലോസിൻെറ സഹായാൎത്ഥം ഒരു മാർ സ്തീഫാനോസ് പാത്രിയൎക്കീസിൻെറ പക്കൽനിന്നു കേരളത്തിൽ വന്നു. സി. എം. എസ്സുകാർ മലങ്കര സഭാകാൎയ്യത്തിൽ ഏർപ്പെടേണ്ടതല്ലെന്നു മുകളിൽനിന്നു തീരുമാനമുണ്ടായി. അതുവരെ മാർ മാത്യൂസ് അത്തനാസിയൂസിനു് അവരിൽനിന്നു ഗണ്യമായ സഹായം ലഭിച്ചിരുന്നു. മാർ മാത്യൂസ് അത്തനാസിയൂസിൻെറ കക്ഷിയും നാലാം ദിവന്നാസിയൂസിൻെറ കക്ഷിയും തമ്മിലുണ്ടായ വ്യവഹാരം നാലാം ദിവന്നാസിയൂസിൻെറ കക്ഷിക്കു അത്ര അനുകൂലമായിരുന്നില്ല. മാർ മാത്യൂസ് അത്തനാസിയൂസ് ചെയ്തതുപോലെ പാത്രിയൎക്കീസിൽനിന്നു സ്താത്തിക്കോൻ കരസ്ഥമാക്കാതെ ഗതിയില്ലെന്നു കണ്ടു് അവർ പുലിക്കോട്ടു യൌ

രേസപ്പകത്തനാരെ പാത്രിയക്കീസിന്റെ പക്കലയച്ച് അഞ്ചാം മാർ ദീവന്നാസിയൂസായി വാഴ്ത്തിയേല്പിച്ചു. പാത്രിയക്കീസിന്റെ സ്താത്തിക്കാൻ വ്യവഹാരത്തിനുപകരിച്ചില്ലെങ്കിലും അന്തിയോക്കിയായുടെ പിടി കേരളത്തിൽ മുറുകുവാൻ അതു വീണ്ടും കാരണമാക്കി. 1875-ൽ പത്രോസുപാത്രിയക്കീസു കേരളത്തിൽ വന്നു മാർ മാത്യൂസ് അത്തനാസിയൂസിനെ ശപിച്ചു മുടക്കി. തുടൎന്നു മുളന്തുരുത്തി സൂനഹദോസു നടത്തുകയും, മലങ്കര അസ്സോസിയേഷ്യൻ ഏൎപ്പെടുത്തുകയും, ആറു മെത്രാപ്പോലീത്തന്മാരെ കൂടി വാഴിച്ച് അഞ്ചാം മാർ ദീവന്നാസിയൂസ് ഉൾപ്പെടെ ഏഴുപേരിൽ മലങ്കര സഭാഭരണം നിക്ഷേപിയ്ക്കുകയും ചെയ്തശേഷം പാത്രിയക്കീസു തിരിച്ചുപോയി. സുപ്രസിദ്ധമായ സെമിനാരിക്കേസിന്റേയും മററും വിവരങ്ങൾ ഇവിടെ വിട്ടുകളയുന്നു. മാർ മാത്യൂസ് അത്തനാസിയൂസിന്റെ കക്ഷി ഒരു സ്വതന്ത്രസഭയായി പരിഞ്ഞു് "മാൎത്തോമ്മാക്കാർ" എന്നു തങ്ങളെത്തന്നെ വിളിച്ചുതുടങ്ങി.

ഇങ്ങനെ പ്രോട്ടസ്റ്റൻറുകാരുടേയും, അവരെ തുടൎന്ന "മാൎത്തോമ്മാക്കാരു"ടേയും എതിർപ്പു നിമിത്തമാണ് കേരളത്തിൽ യാക്കോബായാ പാത്രിയക്കീസിന് ഇന്നുള്ള അധികാരം സ്ഥാപിച്ചുറപ്പിക്കപ്പെട്ടതെന്നു സ്പഷ്ടമാകുന്നു. പാത്രിയക്കീസിന്റെ അധികാരമുറപ്പിയ്ക്കുവാനും ചില പ്രവൃത്തികൾ സാധൂകരിക്കുവാനും നടത്തിയ വ്യവഹാരങ്ങൾക്കിടയ്ക്കു് കോടതിമുമ്പാകെ ഹാജരാക്കിയ കാനോൻ പ്രതികളിൽ ചിലവ കേരളത്തിലല്ലാതെ ലോകത്തിൽ മറെറങ്ങുമില്ലാത്ത ചില വ്യത്യാസങ്ങളെ ഉൾക്കൊള്ളുന്നുണ്ടെന്നും പ്രസ്താവിയ്ക്കേണ്ടതായിട്ടുണ്ട്. "അപ്രകാരം തന്നെ അന്തിയോക്കിയായുടെ അധികാരത്തിനു കീഴ്പെട്ടിരിക്കുന്ന ഇൻഡ്യയിലെ ആളുകൾക്കു് സ്വന്തമായി ഒരു പാത്രിയക്കീസിനെ അഭിഷേചിക്കുവാനുള്ള അധികാരം നൽകപ്പെട്ടിട്ടില്ല. അവരുടെ പാത്രിയക്കീസു അഥവാ അദ്ദേഹത്തിന്റെ അധികാരത്തിനു കീഴ്പെട്ടു നിൽക്കുന്ന പൌരസ്ത്യ കാതോലിക്കാ അവൎക്കു മെത്രാപ്പോലിത്തായേ അഭിഷേചിച്ചു കൊടുക്കേണ്ടതാണു്" (The Trvancore Law Journal, X L I. p. 35—47), സൂനാഹദോസു കൂടാതെ പാത്രിയക്കീസിനു മെത്രാനെ മുടക്കാം, പാത്രിയക്കീസിനോ കാതോലിക്കായിക്കോ അല്ലാതെ മെത്രാപ്പോലീത്തായിയ്ക്കു മൂറോൻ കൂദാശ ചെയ്യാവുന്നതല്ല എന്നും മററുമാണു് പ്രസ്തുത വ്യത്യാസങ്ങൾ. (ഏഴാം കേപ്പാലിഉൗൻ ഒന്നാംപാസോക്കായിലെവ്യത്യാസത്തെപ്പററിമുകളിൽ പറഞ്ഞുവല്ലൊ). കേരളത്തിനു വെളിയ്ക്കു മററു സ്ഥലങ്ങളിലെങ്ങും ബർ എബ്രായായുടെ ശുദ്ധമായ കാനോന്റെ പ്രതികളിൽ ഈ പറഞ്ഞ വ്യത്യാസങ്ങൾ കാണുകയില്ല. ബർ എബ്രായ "കൽക്കിദോനിയായുടെ" എന്ന തലക്കെട്ടുകൊടുത്തിരിയ്ക്കുന്നിടത്തു "ലവുദൊക്കിയായുടെ" എന്നു വ്യത്യാസപ്പെട്ടി

രിയ്ക്കുന്നതും രസാവഹംതന്നെ! എന്തിനേറെ? ഈ വ്യത്യാസങ്ങളനുസരിച്ച് പാത്രിയർക്കീസിന്റെ അധികാരം കോടതിമുമ്പാകെ ഉറപ്പിയ്ക്കപ്പെട്ടു എന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ.

മേൽപറഞ്ഞ ഏഴു മെത്രാപ്പോലീത്താമാരിൽ ചിലർ മരിയ്ക്കുകയും ചിലർ വശഹീനരാവുകയും ചെയ്തപ്പോൾ മാർ കൂറിലോസും വട്ടശേരിൽ മാർ ഗീവറുഗീസു ദിവന്നാസിയൂസും ശീമയിൽപോയി പാത്രിയർക്കീസിൽ നിന്നു മെത്രാൻ പട്ടം സ്വീകരിച്ച് മടങ്ങിയെത്തി. എന്നാൽ പുലിക്കോട്ടു മാർ ദിവന്നാസിയൂസിന്റെ മരണത്തോടെ കേരളീയ യാക്കോബായക്കാർ രണ്ടായി പിരിഞ്ഞു. വട്ടശേരിൽ മാർ ഗീവറുഗീസു ദിവന്നാസിയൂസിനെ അനുഗമിച്ചവർ മെത്രാൻ കക്ഷിയെന്നും പാത്രിയർക്കീസിനെ ആദരിച്ചവർ ബാവാക്കക്ഷിയെന്നും ഇപ്പോൾ അറിയപ്പെടുന്നു. മെത്രാൻകക്ഷി പാത്രിയർക്കീസിന്റെ ലൌകികാധികാരം നിഷേധിച്ചു. അബ്ദള്ളാ പാത്രിയർക്കീസു അവരെ മുടക്കി. സ്ഥാനഭ്രഷ്ടനായി താമസിച്ചിരുന്ന അബ്ദൽമശിഹ് പാത്രിയർക്കീസിനെ അവർ കേരളത്തിൽ വരുത്തി. അദ്ദേഹം മൂന്നു മെത്രാന്മാരെ വാഴിയ്ക്കുകയും മുൻപറഞ്ഞ ആറുപേരിൽ ഒരാളായ മുറിമററത്തു മെത്രാപ്പോലീത്തായെ കാതോലിക്കാ ആയി ഉയർത്തുകയുംചെയ്തു. ഇങ്ങനെ മെത്രാൻ കക്ഷി ഒരു സ്വതന്ത്രസഭയായിതീർന്നു. ആദ്യത്തെ കാതോലിക്കായുടെ കാലശേഷം വേറെ രണ്ടുപേർ കാതോലിക്കാമാരായിട്ടുണ്ട്. ഇപ്പോഴത്തെയാൾ മൂന്നാമനാണ്. വട്ടശേരിൽ മാർ ദിവന്നാസിയൂസ് മരിച്ചതോടെ മലങ്കരമെത്രാപ്പോലീത്തായും കാതോലിക്കായും ഒരാൾതന്നെയായി തീർന്നു. മെത്രാന്മാരെ വാഴിയ്ക്കുക, മൂറോൻ കൂദാശചെയ്യുക ആദിയായി പാത്രിയർക്കീസു ചെയ്യുന്നവയെല്ലാം കാതോലിക്കാ ചെയ്തുവരുന്നു. മെത്രാൻകക്ഷി തങ്ങളുടെ സഭയെ "ഓർത്തഡോക്സ് സഭ" എന്നു വിളിയ്ക്കുന്നുണ്ട്.

ഇരുകക്ഷികളും തമ്മിൽ നടന്നതും നടക്കുന്നതും ആയ കേസുകളെപ്പററി (വട്ടിപ്പണക്കേസ്, സമുദായക്കേസ്) വിസ്തരിച്ചു പറയേണ്ട ആവശ്യമില്ലല്ലോ. ഇടയ്ക്കു പാത്രിയർക്കീസു വന്നതും വട്ടശേരിൽ മാർ ഗീവറുഗീസു ദിവന്നാസിയൂസിന്റെ മുടക്കുതീർത്തതും വട്ടിപ്പണത്തിനുവേണ്ടി അപ്പോഴും വാദമുണ്ടായതും ഈ അടുത്തു തന്നെ നടന്ന സംഗതികളാണ്. മാർ മാത്യൂസ് അത്താനാസിയൂസിന്റെ കക്ഷിയ്ക്കു വിരോധമായി പാത്രിയർക്കീസിന്റെ അധികാരം സ്ഥാപിയ്ക്കുവാൻ ഉപയോഗപ്പെടുത്തിയ കാനോൻ കള്ളക്കാനോനാണെന്നത്രേ ഇന്നത്തെ മെത്രാൻ കക്ഷിയുടെ വാദം. (എ. അക്കം, 18 അക്കം എന്നീ കനോനെപ്പററി എല്ലാവരും കേട്ടിട്ടുണ്ടല്ലോ)

മെത്രാൻ കക്ഷിയിൽപെട്ട ഫാദർ പി. ററി. ഗീവറുഗീസിന്റെ നേതൃത്വത്തിൽ ബഥനി സന്യാസപ്രസ്ഥാനം ആരംഭിച്ചു. ഫാദർ

പി. ററി. ഗിവറുഗീസ്, മാർ ഈവാനിയൂസ് എന്ന നാമത്തിൽ ആദ്യം ബഥനി മെത്രാനും പിന്നീട് ബഥനി മെത്രാപ്പോലീത്തായും ആയി. അദ്ദേഹത്തിൻെറ സഹായമെത്രാനായിരുന്നു തിരുവല്ലായുടെ മാർ തിയോഫിലോസ്. മെത്രാൻ കക്ഷിയിൽപെട്ട മെത്രാന്മാരുടെ ആവശ്യപ്രകാരം പുനരൈക്യം കൈവരുത്തുവാൻ മാർ ഈവാനിയൂസ് റോമ്മായുമായി എഴുത്തുകുത്തുതുടങ്ങി. മാർ ഈവാനിയൂസും മാർ തിയോഫിലോസും വിശ്വാസംതരായി നിന്നതുകൊണ്ട്, 1930—സെപ്തംബർ 20-ൽ മാർപ്പാപ്പാ അവരെ കത്തോലിക്കാസഭയിൽ സ്വീകരിച്ചു. അന്തിയോക്കിയൻ റീത്തും അവർക്കനുവദിച്ചുകൊടുത്തു. പിന്നീട് മാർ ഈവാനിയൂസ് തിരുവനന്തപുരം മെത്രാപ്പോലീത്തായും മാർ തിയോഫിലോസ് തിരുവല്ലാമെത്രാനും ആയി പ്രഖ്യാപനം ചെയ്യപ്പെട്ടു. നിരവധിയാളുകൾ ഈ പ്രസ്ഥാനം മൂഖേന കത്തോലിക്കരായിതീരുന്നുണ്ട്. ഇന്നു തിരുവല്ലായുടെ ഭരണകർത്താവായിരിയ്ക്കുന്ന മാർ സെവേറിയൂസ് മെത്രാൻകക്ഷിയിൽ നിന്നും, പരേതനായ മാർ ദിയോസ്കോറോസ് ബാവാകക്ഷിയിൽനിന്നും കത്തോലിക്കാസഭയുമായിപ്പുനരൈക്യപ്പെട്ട മേല്പട്ടക്കാരാണെന്ന് എല്ലാവർക്കും അറിയാമല്ലൊ.

സ്വാതന്ത്ര്യത്തോടുള്ള അമിതമായ പ്രതിപത്തിനിമിത്തമായിരിയ്ക്കാം, ഇപ്പോൾ മെത്രാൻകക്ഷിയിൽപെട്ട ചില മെത്രാന്മാർപോലും പത്രോസിൻെറ പരമാധികാരം നിഷേധിച്ചുതുടങ്ങിയിരിയ്ക്കുന്നതു്. കാസോലിക്കായുടെ അധികാരസീമയിൽ ഇൻഡ്യയും ഉൾപ്പെടുന്നു എന്നു് ഹൂദായ കാനോനെ അടിസ്ഥാനമാക്കിയാണെന്നു പറഞ്ഞുകൊണ്ടു് മെത്രാൻ കക്ഷിക്കാർ വാദം നടത്താറുണ്ട്. എന്നാൽ ഈ കൂട്ടർ യാക്കോബായക്കാരെന്നു് അഭിമാനിയ്ക്കുകയും പത്രോസിൻെറ പരമാധികാരം നിഷേധിയ്ക്കുകയും ചെയ്യുന്നതു് വിചിത്രം തന്നെ. കാസോലിക്കായുടെ അധികാരസീമയായി കാനോൻ പറയുന്നതു "കിഴക്കു്" എന്നാകുന്നു. "കിഴക്കു്" എന്നതിൽ ബർ എബ്രായാ ഇൻഡ്യാ ഉൾപ്പെടുത്തിയിട്ടില്ലെന്നു കാനോനിൽ നിന്നുതന്നെ തെളിയിയ്ക്കാവുന്നതത്രെ ("കൂനൻകുരിശിനുമുമ്പ്" എന്ന പുസ്തകം നോക്കുക).

അന്തിയോക്കിയാ യാക്കോബായാ അധികാരം കേരളത്തിൽ പ്രവേശിച്ചതെങ്ങിനെയെന്നും, അതെതുടർന്നുണ്ടായ കഴപ്പങ്ങൾ ഏവയെന്നും ചിന്തിയ്ക്കുന്ന ഒരു കേരളീയ യാക്കോബായക്കാരൻ തൻെറ പിതൃഭവനമായ പഴയകൂററിലേയ്ക്കു എങ്ങിനെ തിരിച്ചുവരാതിരിയ്ക്കും? പുത്തൻ കൂററിൽപോയി വളരെ കഴിഞ്ഞു മാത്രം സ്വീകരിച്ച അന്തിയോക്കിയൻ റീത്തു് ഉപേക്ഷിയ്ക്കണമെന്നില്ല; പഴയകൂററിലെ വിശ്വാസം സ്വീകരിച്ചു് റീത്തു പാത്രിയർക്കീസിനു അവൻ വിധേയനായാൽമതി. റീത്തു പ്രസ്ഥാനത്തോടെ ഉണ്ടായികൊണ്ടിരി

യ്യുന്ന പുനരൈക്യപ്രവാഹം അവനു ധൈൎയ്യം നൽകുന്നുമുണ്ടു്. ആദ്യകാലങ്ങളിലെ മാൎത്തോമ്മാമാരും പ്രത്യേകം ഒന്നാം മാർ ദിവന്നാസിയോസും, പിൽക്കാലത്തു പുലിക്കോട്ടു മാർ ദിവാന്നാസിയോസും നടത്തിയ പുനരൈക്യപ്പരിശ്രമങ്ങൾ അവനു ചിന്താവിഷയമാകട്ടെ. പുലിക്കോട്ടു മാർ ദിവന്നാസിയോസ്, മാർപ്പാപ്പായുടെ പ്രതിപുരുഷനെ ഊട്ടക്കമണ്ടിൽ ചെന്നു സന്ദൎശിക്കുകകൂടി ചെയ്തു. ഒന്നാം മാർ ദിവന്നാസിയോസിന്റെ പുനരൈക്യം പരാജയമടഞ്ഞെങ്കിൽ റീത്തു പ്രസ്ഥാനവും മാർ ഈവാനിയോസ് ആദിയായ മേല്പട്ടക്കാരുടെ പുനരൈക്യവും സൎവ്വഥാ വിജയപ്രദമാണു്.

യാക്കോബായ സഭയിലുള്ള മേല്പട്ടക്കാർ പോലും പത്രോസിന്റെ പരമാധികാരം സംബന്ധിച്ചു് ഭിന്നോപദേശങ്ങൾ ചെയ്യുന്നു. അങ്ങനെ ചെയ്യുന്നവരെ തടയുവാനുള്ള ശക്തിയും യാക്കോബായ സഭയിലില്ല. എന്തുകൊണ്ടു്?

തൎക്കംകൂടാതെ വിശ്വാസം പഠിപ്പിക്കുവാൻ എപ്പിസ്കോപ്പന്മാരെ നയിക്കുന്ന പത്രോസിന്റെ ശബ്ദം യാക്കോബായസഭയിൽ കേൾക്കപ്പെടുന്നില്ല. കാരണം, ആ സഭ പത്രോസിന്മേലല്ല സ്ഥാപിക്കപ്പെട്ടിരിക്കുന്നതു്. മശിഹാ തന്റെ സഭയെ പത്രോസിന്മേൽ സ്ഥാപിച്ചു എന്നു നിത്യം പാടിസ്തുതിക്കുന്ന യാക്കോബായക്കാരൻ ഈ സംഗതികളും ചിന്തിക്കേണ്ടതാണു്.

കത്തോലിക്കാസഭയിലേയ്ക്കുള്ള ഒഴുക്കു തടയുവാൻ വിരോധികൾ പ്രയോഗിക്കുന്ന വിദ്യകളിൽ ചിലവയെപ്പററിയും രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ.

ഒഴുക്കു തടയുവാൻ ഉപായം.

1) "റോമ്മാ മാർപ്പാപ്പായിക്കു കീഴ്പ്പെടുകയില്ലെന്നു കൂനൻകുരിശിങ്കൽവച്ചു പൂൎവ്വന്മാർ ചെയ്ത സത്യം ലംഘിക്കുക ശരിയാണോ" എന്നു കേൾക്കുമ്പോൾ സാധുക്കൾ സാധാരണമായി ഞെട്ടിപ്പോകുന്നു. കൂനൻകുരിശിങ്കൽ അങ്ങിനെയൊരു സത്യം നടന്നാൽതന്നെയും, സത്യവിശ്വാസത്തിനു വിരോധമായി പൂൎവ്വന്മാർ ചെയ്തിട്ടുള്ള സത്യം പാലിക്കുവാൻ അനന്തിരവൎക്കു കടമയില്ല. സത്യസഭയുടെ തലവനു കീഴ്പ്പെടുകയില്ലെന്നുള്ള സത്യം പാപകരമാണു്. പാപകരമായ സത്യം പാലിക്കാവുന്നതല്ലതന്നെ. എന്നാൽ വിരോധികൾ പറയുന്നതരം സത്യം കൂനൻകുരിശിങ്കൽ നടന്നില്ല. പറങ്കികളുമായി ബന്ധമുണ്ടാകയില്ലെന്നായിരുന്നു ആ സത്യം. കേരളത്തിലെ 102 യാക്കോബായപ്പള്ളിക്കാർ കൂടി 1876-ൽ എഴുതിയ മുളന്തുരുത്തിപ്പടിയോലയിൽ "—പിന്നിട്ടു ഞങ്ങൾ മട്ടാഞ്ചേരിൽ കൂട്ടംകൂടി മേലാൽ പറങ്കികളുമായി യാതൊരു സംബന്ധവും ചെയ്കയില്ലെന്നു സത്യംചെയ്തു പിരിയുകയും ചെയ്തു—" എന്നല്ലയോ കൂനൻ കുരിശു സത്യത്തെപ്പററി പറയുന്നതു്?

2) കേരളത്തിലെ പൂർവ്വികസഭ യാക്കോബായ ആയിരുന്നെന്നു പറയുന്നവരും ഉണ്ടാവാം. എന്നാൽ യാക്കോബായമതം ആറാം ശതാബ്ദത്തിൽ ആവിർഭവിച്ചതിനുമുമ്പ്, അതു കേരളത്തിൽ ഉണ്ടായിരുന്നിരിക്കുവാൻ ഇടയില്ലല്ലൊ. യാക്കോബായ സഭ സത്യസഭയല്ലെന്നു മുകളിൽ പ്രസ്താവിച്ചവ വിശദമാക്കിയിട്ടുള്ള സ്ഥിതിക്കു മ്ശീഹ സ്ഥാപിച്ചതും തോമ്മാശ്ലീഹാ പ്രസംഗിച്ചതും ആയ സഭ അതല്ലെന്നു സ്പഷ്ടമാണ്. പൂർവ്വകാലത്തു വല്ലപ്പോഴും അതു കേരളത്തിൽ ഉണ്ടായിരുന്നെന്നുവന്നാലും അതു സത്യസഭയല്ലാത്തതിനാൽ അതിൽ ആരും നിൽക്കേണ്ടതല്ല. (17_ാം ശതാബ്ദത്തിനുമുമ്പ് കേരളത്തിൽ യാക്കോബായസഭയ്ക്കു സ്ഥാനമില്ലായിരുന്നു എന്നു "കൂനൻ കുരിശിനുമുമ്പ്" എന്ന പുസ്തകത്തിൽ തെളിയിച്ചിട്ടുണ്ട്)

3) റോമ്മായിൽ ഒരു പെൺപാപ്പാ ഭരിച്ചിരുന്നു എന്നു പറയുന്നവർ Encyclopedia Britanica ആദിയായ പ്രോട്ടസ്റ്റന്റു ഗ്രന്ഥങ്ങൾ പരിശോധിക്കട്ടെ. ഇതു വെറും കെട്ടുകഥയാണെന്നു അവയിൽ തെളിയിച്ചിരിക്കുന്നതു കാണാം.—"....a mythical female pope" Encyclopidia Britanica, 1921, XIII. p. 71:

4) റോമ്മാസഭ കുർബാനയിൽ പത്തിരാ ഉപയോഗിക്കുന്നതു തെറ്റാണത്രെ? എന്നാൽ പത്തിരാ ഉപയോഗിക്കുന്ന അർമ്മനായ സഭയെ സഹോദരിസഭയായി കരുതി കൂദാശകളിൽ ആ സഭയുമായി സംസർഗ്ഗം ചെയ്യുന്നതിനു യാക്കോബായ സഭ വിമുഖയല്ല. അർമ്മനായരുടെ പത്തിരാ സ്വീകാര്യമെങ്കിൽ റോമ്മാസഭയുടേതു എന്തുകൊണ്ടു സ്വീകാര്യമല്ല? കാതോലിക്കായുടെ കീഴിലുള്ള ബ്രഹ്മവാർ പള്ളിയിൽ ഫാദർ കോശി പത്തിരയല്ലേ ഉപയോഗിക്കുന്നതു്.

5) കത്തോലിക്കാ സഭ പരിശുദ്ധാത്മാവു് പുത്രനിൽ നിന്നുംകൂടി പുറപ്പെടുന്നെന്നു വിശ്വസിക്കുന്നതു് അബദ്ധപാഠമാണെന്നു പറയുന്ന യാക്കോബായക്കാർ തങ്ങളുടെ ഗ്രന്ഥങ്ങൾ പരിശോധിച്ചു നോക്കാവുന്നതാ? റൂഹാ "സാരാംശസംബന്ധമായി പുത്രനിൽ നിന്നു എടുക്കുന്നു" എന്നും, "സാരാംശത്തിൽ തനിക്കുള്ളവ പുത്രനിൽ നിന്നു എടുക്കുന്നു" എന്നും [illegible] [illegible] ക്സുസ്തോസിന്റെയും മത്തായിയായുടെയും അനാഫോറാകളിൽകാണുന്നില്ലയോ? റൂഹാ പുത്രന്റെ റൂഹായാണെന്നു പലേ നമസ്കാരങ്ങളിലും ചൊല്ലുന്നില്ലയോ? റൂഹായുടെ സാരാംശം പുത്രനിൽ നിന്നെടുത്തതാണ്, റൂഹാ പുത്രന്റെ റൂഹായാണ് എന്നെല്ലാം പറയുന്നവയുടെ അർത്ഥം തന്നെയാണ് "പുറപ്പെടുന്നു" എന്ന പദത്തിനു കത്തോലിക്കർ സങ്കല്പിക്കുന്നതു്.

6) മ്ശിഹായ്ക്കു രണ്ടുസ്വഭാവമുണ്ടെന്നു കത്തോലിക്കർപഠിപ്പിക്കുന്നുപോൽ! എന്നാൽ ദൈവത്വവും മനുഷ്യത്വവും കലർന്ന കൂദാ

തെ മ്ശിഹായ്ക്കുണ്ടെന്നു യാക്കോബായക്കാർ വിശ്വസിയ്ക്കുന്നുണ്ട്. ദൈവത്വത്തിനു ദൈവസ്വഭാവമെന്നും മനുഷ്യത്വത്തിനു മനുഷ്യസ്വഭാവമെന്നും കത്തോലിക്കർ പറയുന്നതായി യാക്കോബായക്കാർ ഗ്രഹിച്ചിരുന്നെങ്കിൽ മതിയായിരുന്നു.

7) ദുർമ്മാർഗ്ഗികളും ക്രൂരന്മാരും ആയ മാർപ്പാപ്പാമാർ ഉണ്ടായിരുന്നെന്നു പറഞ്ഞാണു ചിലർ സാധുക്കളെ വഞ്ചിയ്ക്കാറുള്ളതു്. സർക്കാരുദ്യോഗസ്ഥന്മാരിൽ അവരുടെ ഉദ്യോഗവും വ്യക്തിയും തമ്മിൽ വ്യത്യാസപ്പെടുത്തുകയും തദനുസരണം പ്രവർത്തിയ്ക്കുകയും ചെയ്യുന്നവർക്കു മാർപ്പാപ്പാമാരുടെ ഉദ്യോഗവും വ്യക്തിയും തമ്മിൽ വ്യത്യാസപ്പെടുത്തുവാൻ സാധിയ്ക്കുകയില്ലയോ? സ്വകാര്യവ്യക്തികൾ എന്ന നിലയിൽ ദുർമ്മാർഗ്ഗികളൊ ക്രൂരന്മാരോ ആയി മാർപ്പാപ്പാമാർ വ്യാപരിച്ചെന്നുവരാം. തെററില്ലാത്ത മനുഷ്യൻ ആരാണു്?

8) ഒരേ സമയത്തു ഒന്നിലധികം പാത്രിയർക്കീസുമാർ പ്രത്യക്ഷരായാൽ മുറപ്രകാരം ആദ്യം തിരിഞ്ഞെടുക്കപ്പെട്ടയാളാണു് സാക്ഷാൽ പാത്രിയർക്കീസെന്നും മററുള്ളവർ പാത്രിയർക്കീസുമാരല്ലെന്നു് നിർദ്ദേശിയ്ക്കുന്ന ഹൂദായ കാനോൻ കയ്യിൽ വച്ചുകൊണ്ടു്, ഒന്നിലധികം മാർപ്പാപ്പാമാർ ഒരേസമയത്തുണ്ടായിരുന്നു എന്നു് ഹാസ്യരൂപത്തിൽ സംസാരിയ്ക്കുവാൻ യാക്കോബായക്കാർ മടികാണിയ്ക്കാത്തതിൽ വിസ്മയിയ്ക്കുകയേ തരമുള്ളു. മുറപ്രകാരം ആദ്യം തിരഞ്ഞെടുക്കപ്പെട്ട ആളാണു് യഥാർത്ഥ മാർപ്പാപ്പാ. അദ്ദേഹത്തിൻെറ സ്ഥാനത്തു്, ഒരാൾ മരിച്ചശേഷം വേറൊരാളായി പുറകെ പുറകെ മുറപ്രകാരം തിരിഞ്ഞെടുക്കപ്പെട്ടവരും യഥാർത്ഥ മാർപ്പാപ്പാമാരാകുന്നു. ഇങ്ങനെ മുറപ്രകാരം തിരിഞ്ഞെടുക്കപ്പെട്ടവർ മാത്രമാണു് ഒന്നിലധികം പേർ പ്രത്യക്ഷരായെന്നുപറയുന്നകാലത്തെ യഥാർത്ഥ മാർപ്പാപ്പാമാർ.

9) കത്തോലിയ്ക്കരുടെ വിശ്വാസപ്രമാണത്തിൽ മ്ശീഹാതമ്പുരാൻ മരിച്ചെന്നു ചൊല്ലുന്നില്ലത്രേ. എന്നാൽ ഈ വിശ്വാസപ്രമാണത്തിൻെറ ലത്തീൻ മൂലത്തിൽ ഉപയോഗിച്ചിരിയ്ക്കുന്ന Passus എന്ന പദത്തിനു "പീഡസഹിച്ചു മരിച്ചു" എന്നാണർത്ഥം. തുടർന്നു "സംസ്ക്കരിക്കപ്പെട്ടു" "ഉയർത്തെഴുന്നേററു" എന്നുചൊല്ലുന്നതു മരിയ്ക്കാത്തഒരാളെപ്പററിയാണെന്നു ആരെങ്കിലും വിചാരിയ്ക്കുമോ?

10) സ്വമാതാവിൻെറ ഉദരത്തിൽ പ. കന്യാസ്ത്രീമറിയത്തിൻെറ ആത്മാവു് അവളുടെ ശരീരത്തോടു യോജിച്ചു് അവൾ ഉൽഭവിച്ച ആ ക്ഷണത്തിൽ, അവളിൽ ദൈവകോപമല്ല, പ്രത്യുത, ദൈവപ്രസാദമാണു് ഉണ്ടായിരുന്നതു്. ഈ സത്യത്തെ കത്തോലിക്കർ "അമലോൽഭവം" എന്നു വിളിയ്ക്കുന്നു. "കറയില്ലാത്ത മുത്തു"

[illegible] "രണ്ടാം സ്വർഗ്ഗം" [illegible]
"ഉന്നതനായ ദൈവത്തിൻെറ രഥം" [illegible]

എന്നെല്ലാം മറിയത്തെ അഭിസംബോധനം ചെയ്യുന്ന യാക്കോബായക്കാർ "അമലോൽഭവ"ത്തിങ്കൽ അത്ര ക്ഷോഭിക്കേണ്ടതില്ല.

11) മരിച്ചവരുടെ കടങ്ങൾ ക്ഷമിക്കുവാൻ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന യാക്കോബായക്കാർ കത്തോലിക്കരുടെ ശുദ്ധീകരണസ്ഥലത്തെ അനുഭാവത്തോടെയല്ലയോ വീക്ഷിക്കേണ്ടതു്? മരിച്ച ശേഷം ആത്മാക്കൾ ഏതവസ്ഥയിലാണെന്നുള്ളതു സംബന്ധിച്ചു് ഖണ്ഡിതമായ സിദ്ധാന്തമില്ലാത്ത യാക്കോബായ സഭ ഖണ്ഡിതങ്ങളായ സിദ്ധാന്തങ്ങളുള്ള കത്തോലിക്കാസഭയെ എന്തിനു പഴിക്കുന്നു?

12) കുമ്പസാരമെന്ന കൂദാശ സ്വീകരിക്കുകയും കുമ്പസാരിപ്പിക്കുന്ന പട്ടക്കാരന്റെ വിവേകമനുസരിച്ചു് പരിഹാരപ്രവൃത്തികൾ കുറച്ചുകൊടുക്കാവുന്നതാണെന്നു സമ്മതിക്കുകയും ചെയ്യുന്ന യാക്കോബായാക്കാർ, കത്തോലിക്കരുടെ "ബന്ധമോചന"ത്തെ അവഹേളിക്കുന്നതു കാര്യം മനസ്സിലാക്കാതെ മാത്രമാണു്. വിമോചിക്കപ്പെട്ട പാപത്തിനു ശേഷിച്ചിരിക്കുന്ന പരിഹാരക്കടം തീർക്കാൻ ചെയ്യേണ്ടതായ പരിഹാരപ്രവൃത്തികൾ കുമ്പസാരത്തിനു വെളിക്കുവെച്ചു കുറവുചെയ്യുന്നതാണു് "ബന്ധവിമോചനം." ഇതിനു പകരം മ്ശിഹായുടേയും പരിശുദ്ധന്മാരുടേയും യോഗ്യതകളെ സഭ ദൈവത്തിനു സമർപ്പിക്കുന്നുമുണ്ടു്. പൂർവകാലങ്ങളിൽ നാല്പതും അമ്പതും ദിവസം പരിഹാരപ്രവൃത്തികൾ ചെയ്തു സമ്പാദിച്ചിരുന്ന യോഗ്യത, ആ പ്രവൃത്തികൾക്കു പകരം ലഘുവായ വേറെ പ്രവൃത്തികൾ ചെയ്തുകൊണ്ടു് സമ്പാദിക്കാമെന്നാണു് നാല്പതു ദിവസത്തെ അല്ലെങ്കിൽ അമ്പതു ദിവസത്തെ ബന്ധവിമോചനം എന്നുപറയുന്നതിന്റെ അർത്ഥം. നാല്പതു ദിവസത്തേക്കോ അമ്പതു ദിവസത്തേക്കോ പാപം ചെയ്യുവാനുള്ള അനുവാദമെന്നോ, ശുദ്ധീകരണസ്ഥലത്തിലെ പീഡകൾ നാല്പതോ അമ്പതോ ദിവസത്തേയ്ക്കു വെട്ടിക്കുറിച്ചിരിക്കുന്നു എന്നോ അതിനു് അർത്ഥമില്ല.

13) രാജകീയനഗരമായ കുസ്തന്തിനോപ്പോളീസിനെ ഉയർത്തുവാൻ വേണ്ടി കൽക്കിദോനിയാ സൂനഹദോസിൽ ചിലരെല്ലാം കൂടി ഒരു കാനോനാ അവതരിപ്പിച്ചു.(27-ാം കാനോന) എന്നാൽ മാർപ്പായുടെ പ്രതിപുരുഷന്മാർ അതിനെ അംഗീകരിക്കാതെ തള്ളിക്കളഞ്ഞു. ആകയാൽ കൽക്കിദോനിയാ സൂനഹദോസു രാജശക്തിയാൽ നടത്തപ്പെട്ടതാണെന്നു യാക്കോബായക്കാർ വാദിക്കുന്നതിൽ യാതൊരർത്ഥവുമില്ലെന്നു വിശദമാകുന്നു. കൽക്കിദോനിയസൂന്നഹദോസു് ദീയസ്ക്കോറോസിനെ ശപിച്ചതിൽ യാക്കോബായക്കാർ കുണ്ഠിതം പ്രദർശിപ്പിക്കുന്നു. എന്നാൽ ദീയസ്ക്കോറോസു് ആത്മാർത്ഥമായി ആരെആദരിച്ചുവോ ആ എവുത്തിക്കൂസിനെ യാക്കോബായക്കാർ ശപിക്കുന്നില്ലയോ? ദീയസ്ക്കോറോസു ആദരണീയനല്ലെന്നു യാക്കോബായക്കാർ തന്നെ അവരുടെ ഈ പ്രവൃത്തിയാൽ പരോക്ഷമായി സമ്മതിക്കു

നു. എന്നിട്ടും കാൽക്കിദോനിയായെ പഴിയ്ക്കണമത്രേ! ദിമസ്കോറോസ് സൈന്യബലത്തോടെ നടത്തിയ തസ്കര സംഘം യാക്കോബായക്കാരും സ്വീകരിയ്ക്കുന്നില്ലല്ലൊ. അതിൽവച്ചും ദിയസ്കോറോസു തന്റെ തനിനിറം പ്രത്യക്ഷമാക്കി. ഇങ്ങനെയുള്ള ഒരാളെയാണ്, അല്ലാതെ ആദരണീയനായ ഒരാളെയല്ല കൽക്കിദോനിയാ ശപിയ്ക്കുന്നതു്.

14) മാർപ്പാപ്പായുടെ അപ്രമാദിത്വം യാക്കോബായക്കാരെ വളരെ ക്ഷോഭിപ്പിയ്ക്കുന്നുണ്ടെന്നു തോന്നുന്നു. എന്നാൽ, സഭ പത്രോസിന്റെ മേൽ പണിയപ്പെട്ടിരിയ്ക്കുന്നതുകൊണ്ടു് പാഷണ്ഡതകൾ അതിനെ ഇളക്കുകയില്ലെന്നും, വിശ്വാസം പ്രസംഗിച്ച മെത്രാന്മാർ പത്രോസിന്റെ ശബ്ദത്താൽ തെററു കൂടാതെ അതു പഠിപ്പിച്ചെന്നും യാക്കോബായ സഭ പാടുന്നില്ലയോ? (മുകളിൽ നോക്കുക). യാക്കോബായക്കാർ ഇങ്ങനെയെല്ലാം അലങ്കാരഭാഷയിൽ പാടുന്ന സംഗതിക്കു് കത്തോലിയ്ക്കർ "പത്രോസിന്റെ അപ്രമാദിത്വം" എന്നു പറയുന്നു. മാർപ്പാപ്പാ ഉദ്യോഗത്തിൽ പത്രോസിന്റെ പിൻഗാമി അഥവാ പത്രോസ് ആകയാൽ അദ്ദേഹത്തിനും അപ്രമാദിത്വം ആവശ്യമല്ലയോ? ഇതിങ്കൽ എന്തിനു ക്ഷോഭിയ്ക്കുന്നു? മാർപ്പാപ്പാ പാപം ചെയ്യുകയില്ലെന്നു "അപ്രമാദിത്വ"ത്തിനു കത്തോലിയ്ക്കർ അർത്ഥം നൽകുന്നില്ല.

15) മററാരും മെത്രാനോ പാത്രിയക്കീസോ അല്ല എന്ന അർത്ഥത്തിൽ സാർവത്രിക മെത്രാനെന്നും സാർവ്വിക പാത്രിയക്കീസെന്നും കുസ്തന്തിനോപ്പോളീസിന്റെ യോഹന്നാൻ തന്നെത്തന്നെ അഭിസംബോധനം ചെയ്തപ്പോൾ, താൻ പോലും ആ അർത്ഥത്തിൽ സാർവ്വത്രിക മെത്രാനോ പാത്രിയക്കീസോ അല്ലെന്നു കാണിച്ചു് വി, ഗ്രിഗോറിയുസു മാർപ്പാപ്പാ യോഹന്നാന്റെ പേർക്കു പല എഴുത്തുകൾ എഴുതി. വി. ഗ്രിഗോറിയുസിന്റെ ആശയം ഗ്രഹിയ്ക്കാതെ, തനിയ്ക്കു പരമാധികാരമില്ലെന്നു അദ്ദേഹം തന്നെ സമ്മതിച്ചതായി ഘോഷിയ്ക്കുന്നതു ശരിയാണോ? "The Epistles of Gregory are all exhortations against pride to humility" എന്നത്രേ അകത്തോലിയ്ക്കനായ ഡോക്ടർ സ്കോട്ടു ഇതു സംബന്ധിച്ചു പറയുന്നതു്. (The Eastern Churches and the Papacy p. 250) ഡോക്ടർ സ്ക്കോട്ടിനെപ്പോലെ നമ്മുടെ അകത്തോലിക്കരും സംഗതികൾ ശരിയായി ഗ്രഹിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

16) റോമ്മാ സഭ തുപ്പലുകൊണ്ടു മാമ്മോദീസാ നൽകുന്നു, ആ സഭയിൽ മൂറോൻ ഇല്ല എന്നിങ്ങനെയെല്ലാം ചിലർ പ്രസംഗിക്കുന്നതു അജ്ഞതകൊണ്ടല്ലെങ്കിൽ കപടതനിമിത്തമാണെന്നു വിചാരിയ്ക്കുവാനെ വഴികാണുന്നുള്ളു.

മോറാൻ മാർപ്പാപ്പാ.

കത്തോലിയ്ക്കാസഭയ്ക്കെതിരായി ക്ഷോഭജനകമായ രീതിയിലും

ഹാസ്യഭാഷയിലും മേൽപറഞ്ഞവയും അവപോലെയുള്ള മററു സംഗതികളും പരസ്യത്തിൽ പ്രസംഗിയ്ക്കുന്നവരും, സന്തോഷപൂർവ്വം അവരെ ശ്രവിയ്ക്കുന്നവരും റോമ്മാ മാർപ്പാപ്പായുടെ ഉന്നതവും അന്യാദൃശവും ആയ നിലയെപ്പററി സ്വല്പമൊന്നു ചിന്തിയ്ക്കുന്നതു വളരെ ഉപകാരപ്രദമായിരിയ്ക്കും. ആക്ഷേപങ്ങൾ, അവഹേളനങ്ങൾ, തെററുധാരണകൾ, തെററായ കുററാരോപണങ്ങൾ ആദിയായ "ഓളങ്ങളും തിരമാലകളും" മാർപ്പാപ്പായേ ഇളക്കുന്നില്ല, അദ്ദേഹം ലോകത്തോടു് നീതിയും സമാധാനവും പ്രസംഗിക്കുന്നു. നാല്പതുകോടിയോളം വരുന്ന ഒരു ജനസംഖ്യയമാണു് മാർപ്പാപ്പായുടെ കീഴുള്ള കത്തോലിയ്ക്കർ. അവർ പല ഭാഷകൾ സംസാരിയ്ക്കുന്നവരും പല സംസ്ക്കാരങ്ങൾക്കു വിധേയരും ആണു്. അന്യോന്യം കലഹിച്ചു യുദ്ധം ചെയ്യുന്ന രാഷ്ട്രങ്ങളിലും കത്തോലിയ്ക്കരുണ്ടു്. പല റീത്തുകളും സാമുദായികാചാരങ്ങളും അനുഷ്ടിക്കുന്ന അവരിൽ ശാസ്ത്രജ്ഞന്മാരും, രാജ്യതന്ത്രജ്ഞന്മാരും, ഭരണകർത്താക്കളും, പണ്ഡിതന്മാരും ധാരാളമാണു്. ഇങ്ങനെയുള്ള നാല്പതുകോടിയോളം വരുന്ന കത്തോലിയ്ക്കർ പരിപൂർണ്ണമായി മാർപ്പാപ്പായിക്കു കീഴ്പ്പെടുന്നു മനുഷ്യബുദ്ധിയെ അതിശയിക്കുന്ന അതിഗഹനങ്ങളായ മഹാരഹസ്യങ്ങൾ പോലും വിശ്വസിയ്ക്കണമെന്നാണു് മാർപ്പാപ്പാ അവരോടജ്ഞാപിക്കുന്നതു്. യാതൊരുവിസമ്മതവുംകൂടാതെ എല്ലാവരും വിശ്വസിയ്ക്കുന്നു; എല്ലാവരും സസന്തോഷം അദ്ദേഹത്തിനു കീഴ്പെടുകയും ചെയ്യുന്നു. ഇതുപരിപൂർണ്ണമായ ഐക്യം കത്തോലിയ്ക്കാ സഭയിലല്ലാതെ വേറെ എവിടെയുണ്ടു്? സ്വതന്ത്രബുദ്ധികളായ മനുഷ്യരുടെ ബുദ്ധിയെ അതിശയിയ്ക്കുന്നഗഹനങ്ങളായ തത്വങ്ങൾ ഈവിധത്തിൽവിശ്വസിയ്ക്കുന്നഒരു ജനസമൂഹം വേറെ എവിടെയുണ്ടു്? ഇത്രയധികം മനുഷ്യരുടെ ബുദ്ധിയേയും ഹൃദയത്തെയും ഈ വിധത്തിൽ യോജിപ്പിച്ചു ഭരിച്ചു നടത്തുവാൻ മാർപ്പാപ്പാ സ്വീകരിച്ചിട്ടുള്ളമാർഗ്ഗം എന്താണു്? അദ്ദേഹത്തിനു കപ്പൽ സന്നാഹമില്ല, പടക്കോപ്പുകളില്ല, പീരങ്കിയോ, ററാങ്കോ, വിമാനമോ യാതൊന്നും അദ്ദേഹത്തിനില്ല, ഈ വകസാമഗ്രികകളുള്ളവർ കരബലത്താൽ മനുഷ്യരുടെ ബാഹ്യവൃത്തികളെ അമർത്തി ഭരിയ്ക്കുകയേചെയ്യുന്നുള്ളു. മാർപ്പാപ്പായാകട്ടെ സ്വതന്ത്ര ബുദ്ധിയുടെ രഹസ്യവിഹാരങ്ങളെ കൂടി അടക്കി ഭരിയ്ക്കുന്നുണ്ടു്. ഇങ്ങനെയുള്ള ഒരു ഭരണം ചിന്താസ്വാതന്ത്ര്യത്തിനു വേണ്ടി മുറവിളികൂട്ടുന്ന അക്രൈസ്തവലോകത്തിലോ അകത്തോലിയ്ക്കാ ലോകത്തിലോ കൈവരുത്തുക അസാധ്യമാണെന്നു അനുഭവം തന്നെ വിളിച്ചറിയിയ്ക്കുന്നു. ആകയാൽ ദൈവശക്തിയാണു് മാർപ്പായെ നിയന്ത്രിയ്ക്കുന്നതെന്നു സ്പഷ്ടം. ലോകത്തിൽ മുളച്ചു പൊങ്ങുന്ന തിന്മകളെയും അബദ്ധ

സിദ്ധാന്തങ്ങളെയും ഉടനടിശപിച്ചു അപ്പോഴപ്പോഠം ധൈയ്യപൂർവ്വം പ്രതിവിധികല്പിയ്ക്കുവാൻ മാർപ്പാപ്പായിയ്ക്കല്ലാതെ വേറെ ആർക്കെങ്കിലും സാധിയ്ക്കുന്നുണ്ടോ എന്നും പയ്യാലോചിയ്ക്കുവിൻ.

മാപ്പാപ്പാ ആരുടെ പ്രതിപുരുഷനൊ ആ മ്ശിഹായെ മാപ്പാപ്പായിൽ ദർശിച്ചുകൊണ്ടു് നമുക്കു മാപ്പാപ്പായിക്കു കീഴ്പ്പെടാം. മ്ശീഹാ നിത്യരക്ഷ എവിടെ നിക്ഷേപിച്ചുവൊ ആ ഏക സത്യസഭ മാപ്പാപ്പായുടെ മേലാണു് നിൽക്കുന്നതു്. "സഭയെ അനുസരിയ്ക്കാത്തവൻ അജ്ഞാനിയേയും ചുങ്കക്കാരനേയുംപോലെ ആകട്ടെ" എന്നു് നമ്മെപ്പററി ആ പരമാധികാരി പറയാതിരിക്കട്ടെ. മ്ശീഹാ തൻെറ പീഡാസഹനമരണങ്ങളാൽ സ്ഥാപിച്ച ഈ സഭയോടു ഐക്യപ്പെടേണ്ടതിനെപ്പററി ചിന്തിക്കുമ്പോഠം മ്ശീഹായുടെ പീഡകളെക്കുറിച്ചുകൂടി ചിന്തിക്കുന്നതു നന്നായിരിക്കും. സഭവഴിയായി നമുക്കു ലഭിക്കുന്ന നിത്യഭാഗ്യവും നമ്മുടെ ചിന്താവിഷയമാക്കണം.

ഉപസംഹാരം.

ആത്മാവിൽ നമുക്കു ഗോഗുൽത്തോയിലേക്കു പോകാം. അതാ സ്ളീബാമേൽ ആകാശത്തിനും ഭൂമിക്കും മദ്ധ്യേ ദൈവകുമാരൻ നഗ്നനായി തൂങ്ങിക്കിടക്കുന്നു. തലയിൽ മുഠംമുടിയാണു് തറച്ചിരിക്കുന്നതു്. കൈകാലുകഠം ഇരുമ്പാണികൊണ്ടു് സ്ളീബാമരത്തോടു ചേത്തു തറച്ചിരിക്കുന്നു. മുഖം വിളറിയും കവിഠം കുഴിഞ്ഞും, ചുണ്ടുകഠം വരണ്ടും വയറു ഒട്ടിയും അല്ലയോ സഭാസ്ഥാപകൻനമുക്കു പ്രത്യക്ഷനാകുന്നതു്? ശരീരം മഴുവനും ഏകവ്രണം, രക്തം ഭൂമിയിലേക്കും ഒഴുകി വിഴുന്നുണ്ടു്. അസ്തികഠം ഓരോന്നും എണ്ണാം. അതെ മാംസരക്തങ്ങളും അസ്ഥിമജ്ജകളും കൊണ്ടു നിമ്മിക്കപ്പെട്ട തൻെറ ആ ശരീരത്തിൽ മ്ശീഹാ ഇത്ര കഠിനപീഡകഠം സഹിച്ചതു് തൻെറ സഭാശരീരത്തോടുള്ള സ്നേഹം ഒന്നുകൊണ്ടു മാത്രമാകുന്നു. ഏകമായ ആ സഭാശരീരത്തിൻെറ ജീവനുള്ള അവയവങ്ങളാകേണ്ടവരാണു് നാമെല്ലാവരും. സഭാശരീരം ഒന്നായിരിയ്ക്കുവാൻ മ്ശീഹാ പ്രാത്ഥിച്ചു. എന്നാൽ ഇടത്തൂട്ടം അനുസരണക്കേടാകുന്ന ശീശ്മയും സഭാശരീരത്തെ കീറിമുറിയ്ക്കുന്നു. ഈ മുറിവു കരിക്കുവാൻ പ്രതിയ്ക്കേണ്ട കടമ നമ്മിഠം ഓരോരുത്തനിലും സ്ഥിതിചെയ്യുന്നു. അങ്ങനെ ചെയ്യുമ്പോഠം സഹിയ്ക്കേണ്ടിവരുന്ന പ്രയാസങ്ങളെ മ്ശീഹായോടുള്ള സ്നേഹത്തെപ്രതി നമ്മഠം സഹിയ്ക്കേണ്ടതല്ലയോ? നിസ്സാരങ്ങളായ ഈ പ്രയാസങ്ങഠം സഹിക്കുവാൻ മനസ്സോ ധൈയ്യമോ ഇല്ലാതെ പുറകോട്ടുപോയാൽ നമ്മഠംനിത്യനാശത്തിലേയ്ക്കാണ് പോകുന്നതെന്നും സ്മരിയ്ക്കണം. കാരണം, ശീശ്മയും ഇടത്തൂട്ടം മഹാപാപങ്ങളാണെന്നു വേദപുസ്തകം നമ്മെ ഉൽബോധിപ്പിക്കുന്നു. നേരേമറിച്ചു്, സത്യസഭയെ ആശ്ലേഷിച്ചു് ഉത്തമ കത്തോലിയ്ക്ക

രായി ജീവിച്ചാൽ സ്വർഗ്ഗഭാഗ്യമായിരിക്കും നമ്മുടെ സമ്മാനം. സ്വർഗ്ഗമാകുന്ന പറുദീസായിലേക്കു നമ്മെ ആനയിക്കുന്ന ഏകമാർഗ്ഗമാണു് കത്തോലിക്കാ തിരുസഭ. സ്വർഗ്ഗമാകുന്ന പറുദീസായിലേക്കു്— നമ്മുടെ കണ്ണുകാണുകയോ ചെവി കേൾക്കുകയോ, നമ്മുടെ ഹൃദയത്തിൽ പ്രവേശിക്കുകയോ ചെയ്തിട്ടില്ലാത്ത മഹാഭാഗ്യത്തെ ഉൾക്കൊള്ളുന്ന ആ പറുദീസായിലേക്കു—നമ്മെ ആനയിക്കുവാൻ കത്തോലിക്കാസഭയ്ക്കു മാത്രമേ ശക്തിയുള്ളു.

പറുദീസാതന്നെ വിശുദ്ധർപാർപ്പിടം,	ܦܪܕܝܣܐ ܐܝܬܘܗܝ [illegible] ܕܩܕ̈ܝܫܐ
പറുദീസാതന്നെ നയവാന്മാർ ദയറാ,	ܦܪܕܝܣܐ ܐܝܬܘܗܝ [illegible] ܕܟܐ̈ܢܐ
പറുദീസാതന്നെ ഒരുവായർ ഭവനം,	ܦܪܕܝܣܐ ܐܝܬܘܗܝ [illegible]
പറുദീസാതന്നെ വാടാത്തജീവൻ	ܦܪܕܝܣܐ ܐܝܬܘܗܝ ܚ̈ܝܐ ܕܠܐ [illegible]
പറുദീസാതന്നൊ അക്ഷയമണവറ,	ܦܪܕܝܣܐ ܐܝܬܘܗܝ [illegible]
അവകാശിയാകുന്നോൻതാൻ തന്നെധന്യൻ	[illegible]

(ശഹീമ്മോനമസ്കാരം, വെള്ളിയാഴ്ചരാത്രി, മൂന്നാം കൌമ്മ, എക്ബോ).

ആകയാൽ വഴക്കും, വാശിയും, തർക്കവും കൈവെടിഞ്ഞു മ്ശിഹായോടുള്ള സ്നേഹത്തെപ്രതിയും ഈ സ്വർഗ്ഗീയ പറുദീസായെ ലക്ഷ്യമാക്കിയും ഏകസത്യസഭയായ കത്തോലിക്കാസഭയോടെ ഐക്യപ്പെട്ടു് ഉത്തമ കത്തോലിക്കാജീവിതം നയിക്കുവാൻ നമുക്കു പരിശ്രമിക്കും. ഇതല്ലാതെ വേറെ എന്താണു് ഭൂമുഖത്തു നമുക്കു ചെയ്യുവാനുള്ളതു്? ലോകം മുഴുവനും നേടിയാലും ആത്മാവു നശിച്ചാൽ എന്തു ഫലം?

സെൻറ് ജോസഫ്സ് പ്രിൻറിംഗ് ഹൌസ്—തിരുവല്ലാ.